# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.MPM21/601/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗര കാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജ്യണൽ ജോയിന്റ് ഡയരക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM21/601/22 തീയ്യതി: 05/05/2022

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 23-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ,
ശ്രീ. അബ്ദുൽ ഗഫൂർ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ്. പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജഹാൻ ഖുറൈശി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. അസീന .എ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഓ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. വിനീത. പി.പി, ഓഡിറ്റർ
ശ്രീമതി. ഷീബ. പി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.മുഹമ്മദ് സലീം | ചെയർമാൻ | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 11-11-2020 | 24-12-2020 |
| പി. ഷാജി | ചെയർമാൻ | 25-12-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൽ സജീം എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. പ്രസന്നകുമാർ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മാരിയത്ത് കിബിത്തിയ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സൈദ് മുഹമ്മദ് സലീം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. സാബിറ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഫൌസിയ കെ വി | പ്രിൻസിപ്പാൾ | 01-04-2020 | 31-03-2021 |
| ശ്രീ ജോൺ മാത്യൂ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. വരുൺ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആയിഷ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. മനോജ് സി ജെ | വെറ്ററിനറി സർജൻ | | |
| ശ്രീ. രാജീവൻ കെ | ജെ എച്ച് ഐ ഗ്രേഡ് 2 (പ്രൊജക്ട് ഓഫീസർ ഇൻ ചാർജ്) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 14-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 22-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-4 |
| 5 | ഗ്രാന്റ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACR,AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 01-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yousuf.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 26-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh.P.T (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 23-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: SHEEBA P (Auditor, On 14-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-9 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 26-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: SHEEBA P (Auditor, On 22-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-12 |
| 14 | തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: SHEEBA P (Auditor, On 22-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-13 |
| 15 | വാടക മുഴുവൻ അടവാക്കിയില്ല.<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-14 |
| 16 | ടെണ്ടർ ഫീ ഇനത്തിലെ വരവ് തുക മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-15 |
| 17 | നഗരസഭയിലെ വാഹനങ്ങൾ - ഒരവലോകനം<br>Written By: Santhosh.P.T (Asst. Audit Officer, On 24-02-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ: വാർഷിക ഫീസ് ഈടാക്കിയില്ല.<br>Written By: Vineetha P P (Auditor, On 23-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-17 |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Vineetha P P (Auditor, On 23-02-2022)<br>Last Updated By: Vineetha P P (Auditor, On 25-02-2022) | 1-18 |
| 20 | കടമുറികളുടെ ലേലം- നഗരസഭ ഫണ്ടിന് ഭീമമായ ചെലവ് വന്നു<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-19 |
| 21 | ആധുനിക ഇൻഡോർ മാർക്കറ്റ്- നിർമാണം പൂർത്തിയായിട്ടില്ല.നഗരസഭയ്ക്ക് വരുമാന നഷ്ടം<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-20 |
| 22 | ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴുവനും അടവാക്കിയില്ല.<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-21 |
| 23 | വാണിജ്യാവശ്യത്തിനു കെട്ടിടം നിർമ്മിക്കാൻ മാത്രം അനുമതിയുള്ള വസ്തുവിൽ വാസഗൃഹ യൂണിറ്റുകൾ നിർമ്മാണം<br>Written By: Yousuf.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 11-03-2022) | 1-22 |
| 24 | ജനകീയ ഹോട്ടൽ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-23 |
| 25 | പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-24 |
| 26 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ലേലം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നു<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-25 |
| 27 | ചെലവ് വിവരം ലഭ്യമാക്കിയില്ല. 3,40,000 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 24-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-26 |
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 24-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-27 |
| 29 | സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം -പ്രയോജനപ്പെടുത്തേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-28 |
| 30 | പരിരക്ഷാ പ്രൊജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-29 |
| 31 | മരാമത്ത് പ്രവൃത്തികളിലെ അപാകത -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 137681 രൂപ തിരിച്ചടവാക്കി | 1-30 |

| | | |
|---|---|---|
| | Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | |
| 32 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയതിൽ കുറവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-31 |
| 33 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തി -കൺവീനർക്ക് അധിക തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022) | 1-32 |
| 34 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-33 |
| 35 | നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം 2020-21 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പൊതു അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-34 |
| 36 | വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 26-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-35 |
| 37 | PMAYഭവന നിർമ്മാണം- ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 26-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-36 |
| 38 | ആധുനിക ടൗൺ ഹാൾ - നിർമ്മാണം പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നു<br>Written By: Abdul.Gafoor.C (Asst. Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-03-2022) | 1-37 |
| 39 | ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം മുടങ്ങിക്കിടക്കുന്നു.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-03-2022) | 1-38 |
| 40 | പദ്ധതി രൂപീകരണം- വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമാനുസൃത കടമകൾ നിർവ്വഹിക്കുന്നില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-39 |
| 41 | പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-40 |
| 42 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ - അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 01-03-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-41 |
| 43 | ലൈഫ് മിഷൻ സ്നേഹ ഭവനം - ഭൂരഹിതർക്ക് ഫ്ലാറ്റ് സമുച്ചയം - അവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 25-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-42 |
| 44 | ഖര മാലിന്യ സംസ്ക്കരണ സംവിധാനം- അവലോകനം<br>Written By: Latha.O.V (Auditor, On 01-03-2022)<br>Last Updated By: Latha.O.V (Auditor, On 01-03-2022) | 1-43 |
| 45 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ- സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-44 |

| | | |
|---|---|---|
| | Written By: Santhosh.P.T (Asst. Audit Officer, On 24-02-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 11-03-2022) | |
| 46 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-45 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 18-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-46 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയതിൽ കുറവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 3-1 |
| 2 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തി -കൺവീനർക്ക് അധിക തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 14-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 14-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 07-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 23-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 24-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 14-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 26.03.2020തിയ്യതിയിലെ തീരുമാനം നമ്പർ (1) | 20.02.2021ലെ തീരുമാനം നമ്പർ (1) |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച് തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2021 | 31.07.2021 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | സാമ്പത്തിക വർഷം 2020-21 |
|---|---|
| മുന്നിരിപ്പ് | 78767495 |
| വരവ് | 791997535 |
| ആകെ | 870765030 |
| ചെലവ് | 804912676 |
| നീക്കിയിരിപ്പ് | 65852354 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | | 57036801 | 57036801 | 48211484 | 8825317 |
| വികസന ഫണ്ട് (എസ്.സി.പി) | | 15364334 | 15364334 | 14354580 | 1009754 |
| വികസന ഫണ്ട് (ടി.എസ്.പി) | | 336000 | 336000 | --- | 336000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 14447100 | 14447100 | 14447100 | -- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 12160475 | 12160475 | 11104826 | 1055919 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 54088640 | 54088640 | 45613353 | 8475287 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 29440000 | 29440000 | 20775699 | 8664301 |
| ബി ഫണ്ട് | | 83666360 | | 83666360 | |

### 1-4-1 ഗ്രാന്റ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR,AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2020-21 വർഷത്തിൽ താഴെ പറയുന്ന ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള

ചെലവ് തുകയും ACR, AFS എന്നിവ പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| **ഫണ്ടിനം** | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് & സുലേഖ ചെലവ് പത്രിക | AFS & ACR | **വ്യത്യാസം** |
|---|---|---|---|
| **വികസന ഫണ്ട് (ജനറൽ)** | 55502618 | 48211484 | 7291134 |
| **വികസന ഫണ്ട് (എസ്.സി.പി)** | 19781246 | 14354580 | 5426666 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 478 | 491290067 | 326 | 194861411 | 0 | 152 | 68.20 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് നല്കുന്നതും | 504581 | 15068687 | 15573268 | 12803262 | 2770006 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2160 | 4 |
| കർഷക തൊഴിലാളി പെൻഷൻ | 7036300 | 528 |
| വിധവ പെൻഷൻ | 29061500 | 2057 |
| വാർദ്ധക്യകാല പെൻഷൻ | 37611200 | 2923 |
| വികലാംഗ പെൻഷൻ | 7182800 | 540 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2412400 | 173 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2022 ന് 10:45 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 7619/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ വൻ തോതിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നു.

3. ഒറ്റ പ്രോജക്ടായി നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കുന്നു.

4.വർക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ള നി.തൊ.ക്ഷേ.നി.വിഹിതം ടി- സ്ഥാപനത്തിലേക്ക് അടവാക്കിയിട്ടില്ല.

5. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ കടമകൾ നിർവ്വഹിക്കുന്നില്ല, മോണിറ്ററിംഗ് കാര്യക്ഷമമല്ല.

6. ലോൺ റജിസ്ററർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല.

7. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന റജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

8. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9 കൗൺസിൽ ഹാളിലേക്കും നഗരസഭാ ഓഫീസിലേക്കും വാങ്ങിയ ഫർണിച്ചറിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2014 | 2013-14 | 07.08.2015 |
| എ.ജി ഓഡിറ്റ് | 27.02.2017 | 2013-14 മുതൽ 2015-16 വരെ | 03.05.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 ലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. 1991 മുതലുള്ള മുൻകൂറുകൾ ഇനിയും ക്രമീകരിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ B-7-ഷെഡ്യൂളിലെ ബാധ്യതയായുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. Auction Deposit ഇനത്തിൽ 2020-21ലെ വരവ് 14,30,16,249 (RP27) ഉൾപ്പെടെ 43,76,39,426 രൂപ B-7-ഷെഡ്യൂൾപ്രകാരം ബാധ്യതയുണ്ട്.

4. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, Entertainment Tax രജിസ്റ്റർ, Cremation Fee രജിസ്റ്റർ എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. AFS(I-3) പ്രകാരം Rent From Shopping Complex ഇനത്തിൽ തൻവർഷ ഡിമാന്റ് 11881380 രൂപയും, തൻവർഷ വരവ്(RP-37) 11523058രൂപയും, ബാലൻസ്(I-15) 363536രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് രൂപ 11822724യും, വരവ് 11434821 രൂപയും, ബാലൻസ് 387903 രൂപയുമാണ്. വാർഷിക കണക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ അരിയർ കളക്ഷൻ തുകയുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

7. ഓഡിറ്റ് റിക്കവറി ഇനത്തിൽ (RP-29) 151163 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8. B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 7373083 രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ വിവരവും പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിവരവും മറ്റു വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

9. 2020-21 വർഷത്തിൽ KSEB ക്ക് വൗച്ചർ നം. 14/09-20പ്രകാരം 3464971 രൂപ ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. ടി പണി പൂർത്തീകരിച്ചതായി കാണുന്നില്ല. എന്നാൽ AFS ൽ Advance To Implementing Agencies എന്നതിൽ പ്രസ്തുത തുക വന്നിട്ടില്ല.

10. ഹഡ്കോ ലോൺ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. HUDCOയിൽ നിന്നും നഗരസഭക്ക് PMAY ലോൺ, മാർക്കറ്റ് ലോൺ എന്നീ രണ്ട് ലോണുകളുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ HUDCO ലോൺ സ്റ്റേറ്റ്മെന്റും വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മാർക്കറ്റ് HUDCO ലോൺ, PMAY-HUDCO ലോൺ എന്നിവയുടെ വർഷാവസാനം തിരിച്ചടക്കാനുള്ള ബാലൻസ് തുക ഒരുമിച്ച് ചേർത്ത് 162377333/- രൂപയാണ് ബാലൻസ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്(B-5 Loan From HUDCO). എന്നാൽ HUDCO ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാവസാനം തിരിച്ചടക്കാനുള്ള തുക 193846099/-രൂപയാണ്( മാർക്കറ്റ് ലോൺ= 42352766 + PMAY ലോൺ= 151493333). വ്യത്യാസം 31468766/-രൂപയാണ്. വാർഷിക കണക്കിൽ നഗരസഭയുടെ ലോണിനത്തിലെ ബാധ്യത കുറവായി കാണിച്ചിരിക്കുന്നു. വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

11. മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതിയില്ല. എന്നാൽ പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ തനത് ഫണ്ട് നിക്ഷേപിച്ചിട്ടുണ്ട് (CD-654).

12. B-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

13. SIB Shasu Fund -215 അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് പ്രകാരവും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരവും ക്ലോസിംഗ് ബാലൻസ് 42031 എന്ന് കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 14.03.2007 മുതൽ അക്കൗണ്ട് ബാലൻസ് പൂജ്യമാണ്.

14. CFC ഫണ്ടിനത്തിലെ ACR ചെലവും AFS വരവും വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ വികസന ഫണ്ട് ജനറൽ, എസ്.സി.പി. എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും AFS, ACR പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

15 താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുന്നവയല്ല എന്ന് കാണുന്നു. അനിവാര്യമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | അക്കൗണ്ട് | 31.03.2021ലെനീക്കിയിരിപ്പ് |
|---|---|---|
| 1 | പെരിന്തൽമണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(46287) | 56 |
| 2 | KG ബാങ്ക്-സാക്ഷരത(8779) | 2266 |
| 3 | സിന്റിക്കേറ്റ് ബാങ്ക്-സെൻസസ് 46012200033340 | 58365 |
| 4 | SBI -Shasu Fund- 215 | 0 |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

16. Tax Remission And Refund, Recovery From Employees, Deposit Received From Others എന്നീ രസീറ്റ് ആന്റ് പെമെന്റ് പത്രികയിലെ വരവ് ഹെഡുകളിൽ നെഗറ്റീവ് തുകയാണ് കാണിച്ചിട്ടുള്ളത്.

17. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 4(1) പ്രകാരം ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ, വേതനത്തിനോ, നിയമിക്കപ്പെടുകയോ, അതിൽ തൊഴിലെടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്നും ചട്ടം 3 (1) ൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം 2020-21 |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് | II |
| വോഡഫോൺ ഐഡിയ സ്റ്റോർ | I, II |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊഫഷണൽ അകൌണ്ട്സ് | I, II |
| പാറക്കൽ ഏജൻസീസ് | I, II |
| ഒപ്പോ ഇലക്ട്രോണിക്സ് കേരള ലിമി | I, II |
| സി എസ് ഡി കമ്പ്യൂട്ടർ സെന്റർ | I, II |
| എസ് ഐ നെറ്റ് | I, II |
| അൽസലാമ കോളേജ് ഓഫ് ഇന്റീരിയർ ഡിസൈൻ | I, II |
| അബിസ് ബേക്കറി | I, II |
| പിക്കാർഡോ | III |
| ഡോ. ആർ ഐ പീ സ് വൊക്കേഷണൽ ട്രെയ്നിംഗ് സെന്റർ | I, II |
| ലീ സ്കൂൾ ഓഫ് ബ്യൂട്ടി ട്രെയ്നിംഗ് | I, II |
| എ ബി സി മോട്ടോർസ് | I, II |
| സുൽത്താന ടൂർസ് & ട്രാവൽസ് | I, II |
| ലിമ്ര ഡയഗ്നോസ്റ്റിക്സ് | I, II |
| ആര്യ മെഡിക്കൽസ് | I, II |
| നവ്യ ഡയഗ്നോസ്റ്റിക്സ് | I, II |
| സീ സോക്ക് ഫ്ലോറിംഗ്സ് | I, II |
| റോസ് വില്ലേജ് | I, II |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോർപ്പറേറ്റ് അകൌണ്ടിംഗ് | I, II |
| എ എം ഹോണ്ട | I, II |
| എൻ ടി സി കോളേജ് | I, II |
| താലൂക്ക് റബർ മാർക്കറ്റിംഗ് സൊസൈറ്റി | I, II |
| ഇ എം എസ് നീതി മെഡിക്കൽസ് | I |
| IIFCO ടോക്കിയോ ഇൻഷ്വറൻസ് | II |
| വാൾട്സ് ഹോസ്പിറ്റൽ | II |
| സുധർമ ഫിനാൻസ് | II |
| കെ വി ആർ ജൂബിലി കെ ടി എം | II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/2020-21/17.02.2022 ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## <u>1-13 തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ</u>

പെരിന്തൽമണ്ണ നഗരസഭയിൽ 2020-21 വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2020-21 വർഷത്തിൽ തൊഴിൽനികുതിയ്ക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2019-20 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാരസ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കളക്ഷൻ വിവരങ്ങളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

2. ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ പല സ്ഥാപനങ്ങളുടേയും 2 അർദ്ധ വർഷങ്ങളിലേയും റിട്ടേണുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കു പ്രകാരം 25,710,321/- രൂപ കുടിശ്ശികയും, തൻവർഷ തൊഴിൽനികുതി 2,249,205/- രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാത്തതിനും റജിസ്റ്ററുകളും രേഖകളും യഥാവിധി

സൂക്ഷിക്കാത്തതിനും കാരണം വിശദമാക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/2020-21/ 11.02.2022 ന് തുടർന്നുള്ള ഓഡിറ്റ് വേളകളിൽ മുഴുവൻ റിട്ടേണുകളും, ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട്, സംക്ഷിപ്തം എഴുതി പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 466403 രൂപയും, 2020-21 വർഷത്തിൽ 405551 രൂപയും മാത്രമേ തൊഴിൽനികുതി ഇനത്തിൽ പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നുള്ളൂവെന്നും, ആയത് കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരമുള്ള ഭീമമായ തുക (25710321/- രൂപ കുടിശ്ശികയും, തൻവർഷ തൊഴിൽ നികുതി 2249205/- രൂപ) ക്ക് കാരണം സാംഖ്യ ഡബിൾ എൻട്രി സിസ്റ്റം ആരംഭിച്ച കാലത്ത് മുന്നിരിപ്പിൽ വന്ന തെറ്റാണ് എല്ലാ വർഷവും ക്യാരി ഓവർ ചെയ്ത് വരുന്നതെന്നും, ആയത് ഒഴിവാക്കുന്നതിന് ഐ കെ എം ന് കത്ത് നൽകുമെന്നും മറുപടി നൽകി. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-14 വാടക മുഴുവൻ അടവാക്കിയില്ല.</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക് നൽകിയ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്ന് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. കരാർ പ്രകാരം വാടക എല്ലാ മാസവും അഞ്ചാം തീയതിയോ അതിനു മുമ്പോ നഗരസഭയിൽ അടവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ സമയക്ലിപ്തത വാടകക്കാർ പാലിച്ചിട്ടില്ല. 2020-21 ൽ അടവാക്കാൻ ശേഷിയ്ക്കുന്ന വാടകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഹൈ .ടെക് ഷോപ്പിംഗ് കോംപ്ലക്സ്

| കെട്ടിട നമ്പർ/ | വാടകക്കാർ | മാസവാടക | അടവാക്കാനവശേഷിയ്ക്കുന്ന മാസം | അടവാക്കാൻ ശേഷിയ്ക്കുന്ന വാടക |
|---|---|---|---|---|
| റൂം നം F11 | മുസ്തഫ.പികെ | 5211 | 2,3/21 | 10422 |
| റൂം നം F19 | എൻ മൊയ്തീൻകുട്ടി. | 3474 | 4/20 To 1/21 | 34740 |
| റൂം നം F25 | അബ്ദു സലാം കെ | 5211 | 10/20to1/21 | 20844 |
| റൂം നംs14 | ജുനൈദ് പി | 4631 | 10/20to1/21 | 18524 |
| ആകെ | | | | 84530 |

2)നെഹ്റു സ്റ്റേഡിയം

| കെട്ടിട നമ്പർ/ | വാടകക്കാർ | മാസവാടക | അടവാക്കാനവശേഷിയ്ക്കുന്ന മാസം | അടവാക്കാൻ ശേഷിയ്ക്കുന്ന വാടക |
|---|---|---|---|---|
| റൂം നം G15 | വേലായുധൻ. ടി | 2607 | 1,2,3/21 | 7821 |
| റൂം നം | അൻവർ കെ.പി | 5471 | 1,2,3/21 | 16413 |

| | | | | |
|---|---|---|---|---|
| G16 | | | | |
| റൂം നം G34 | ചാമി | 2250 | 1,2,3/21 | 6750 |
| റൂം നം G37 | മുഹമ്മദ് | 5472 | 1,2/21 | 10944 |
| ആകെ | | | | 41928 |

അവശേഷിയ്ക്കുന്ന126458രൂപ ഈടാക്കിയിട്ടുണ്ടങ്കിൽ വിശദ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം.36 /2020-21/ 22.2.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഥമമറുപടിയിൽ തന്നെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വാടകക്കാർ കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും സമയബന്ധിതമായി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-15 ടെണ്ടർ ഫീ ഇനത്തിലെ വരവ് തുക മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.</u>**

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ ഇ- ടെണ്ടറിന് വേണ്ടി സൂക്ഷിക്കുന്ന എസ്.ബി.ഐ. പെരിന്തൽമണ്ണ ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67312375561) 1.2.2022 വരെ ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന 1,63,425 രൂപ നഗരസഭ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക നഗരസഭ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**<u>1-16 നഗരസഭയിലെ വാഹനങ്ങൾ - ഒരവലോകനം</u>**

2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും )ചട്ടങ്ങളിൽ നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും പരാമർശിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ നഗരസഭയിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വണ്ടി നമ്പർ | ഉപയോഗത്തിന്റെ തരം | റിമാർക്സ് |
|---|---|---|---|
| 1 | KL 53L 9978 ഇന്നോവ ക്രിസ്റ്റ കാർ | ചെയർമാന്റെ വാഹനം | |
| 2 | KL53F 333 ടൊയൊട്ട ഇറ്റിയോസ് കാർ | ഓഫീസ് ഉപയോഗം | |
| 3 | KL 53 6134 ജീപ്പ് | ഓഫീസ് ഉപയോഗം | |
| 4 | KL 53H 549 ആപ്പേ ത്രീവീലർ | ശുചീകരണം | ഉപയോഗയോഗ്യമല്ല |
| 5 | KL53 H 830 ആപ്പേ ത്രീവിലർ | ശുചീകരണം | ഉപയോഗയോഗ്യമല്ല |
| 6 | KL53A 1842 ടിപ്പർ ലോറി | ശുചീകരണം | |
| 7 | KL53A 805 ലോറി | ശുചീകരണം | |
| 8 | KL53 A 4056 ഹോണ്ട ആക്ടീവ് സ്കൂട്ടർ | ഓഫീസ് ഉപയോഗം | |
| 10 | KL 46P 578 മഹേന്ദ്ര സൈലോ | വാടകയ്ക്ക് എടുത്തത് | |
| 11 | KL8AT 6331 ടവേര | വാടകയ്ക്ക് എടുത്തത് | |

നഗരസഭയിലെ വാഹനങ്ങളുടെ ഫയൽ പരിശോധിച്ചതു പ്രകാരമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 <u>ഫ്യുവൽ കൺസംഷൻ ടെസ്റ്റ് യഥാസമയം നടത്തുന്നില്ല.</u>

ചട്ടം 8(1) പ്രകാരം 6 മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെക്കുറിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തുന്നില്ല. ഫ്യുവൽ കൺസംഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തേണ്ടതും മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗ തോത് കൂടിയിട്ടുണ്ടെങ്കിൽ വാഹനത്തിനുണ്ടായ തകരാറ് എന്തെന്ന് കണ്ടെത്തി ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ നിർദേശമനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

2 <u>വാഹനവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.</u>

സ്റ്റോക്ക് രജിസ്റ്റർ

ഡിസിബി രജിസ്റ്റർ

വെഹിക്കിൾ ഹിസ്റ്ററി രജിസ്റ്റർ

റിപ്പയർ രജിസ്റ്റർ

3 <u>അറ്റകുറ്റപ്പണികൾ നിയമാനുസൃതം നടപടി സ്വീകരിക്കണം</u>

ചട്ടം 10(1) പ്രകാരം മുനിസിപ്പാലിറ്റിയിലെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികളുടെ ചുമതല ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ചട്ടം 4 പ്രകാരം 10,000 രൂപയ്ക്കുമേൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ വീഴ്ച വന്നതായി കാണുന്നു. ഉദാഹരണമായി നഗരസഭയുടെ KL53 F 333 എത്തിയോസ് കാർ റിപ്പയർ ചെയ്യാൻ

സിറ്റി കാർസ് തിരൂർക്കാടിന് 32012 രൂപ അനുവദിച്ചിട്ടുണ്ട്.(വൗച്ചർ നമ്പർ 22000816/30.10.20).ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ചട്ടപ്രകാരം നടത്തേണ്ടതാണ്.

4. ക്രമനമ്പർ 4, 5 ൽ പരാമർശിച്ച ശുചീകരണ വാഹനങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 27/21.2.2022 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാഹനങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

## <u>1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ: വാർഷിക ഫീസ് ഈടാക്കിയില്ല.</u>

1994 കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 341Aപ്രകാരം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും , പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റി ഏതെങ്കിലും, സേവനം നൽകുന്നുണ്ടെങ്കിൽ ആ സേവനങ്ങൾക്കു വേണ്ടി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വാർഷിക ഫീസ് ഈടാക്കാവുന്നതാണ്. ഇതു പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 110 പാരാമെഡിക്കൽ സ്ഥാപനങ്ങൾ വാർഷിക ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വാർഷിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റെഹാൻസ് ഡെന്റൽ. |
| 2 | ടീം മാക്സ് പാത്ത്. |
| 3 | വജ്റ ആയുർവ്വേദിക്. |
| 4 | മെട്രോപോളിസ് ലാബ്. |
| 5 | മലബാർ എക്സറേ. |
| 6 | മിഡാക്ക് ഡെന്റൽ. |
| 7 | മൊയ്തുട്ടി ലാബ്. |
| 8 | മലബാർ ഹോമിയോ. |
| 9 | ഫീഗോ ലൈവ് ഇൻഡ്യ ആയുർവ്വേദിക്. |
| 10 | ഡോസേജ് ഹൈപ്പർ ഫാർമ. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/2020-21/ 14.02.2022 ന് ഹാർമണി സ്പീച്ച്,ന്യൂ ഷിഫ ലാബ്, സ്നേഹ ലാബ്, സാന്ത്വന ഫെർട്ടിലിറ്റി എന്നീ സ്ഥാപനങ്ങൾ നിർത്തലാക്കിയതായും, മറ്റു സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

കൂടാതെ സിഗ്നേച്ചർ ലാബ്, സൈമൽകെയർ, ക്ലാസിക് ഹോമിയോ എന്നീ സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ ആവശ്യമില്ലാത്തവയാണ്. ഡി & ഒ ലൈസൻസാണ് നൽകേണ്ടിയിരുന്നത്. സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന സേവനത്തിനനുസരിച്ചാണ് ലൈസൻസ് നൽകേണ്ടത്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിന് 100 രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം 5 -)ം നമ്പർ ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്.

1) 2019-20 ഓഡിറ്റ് വർഷത്തിൽ 66 സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു സ്ഥാപനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുഴുവൻ അപേക്ഷകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) 2020-21 ലെ വാർഷികകണക്കുകൾ പ്രകാരം ഈ ഇനത്തിൽ 6200രൂപ വരവുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3) അപേക്ഷകൾ, മുഴുവനായും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

3) ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ .21/2020-21/ 17.02.2022 ന് മറുപടി ലഭ്യമായില്ല.

## 1-19 കടമുറികളുടെ ലേലം- നഗരസഭ ഫണ്ടിന് ഭീമമായ ചെലവ് വന്നു

പെരിന്തൽമണ്ണ നഗരസഭയുടെ ഹൈടെക്ക് ബസ്സ്റ്റാന്റ് കോംപ്ലക്സ്, ആധുനിക ഇൻഡോർ മാർക്കറ്റ് കോംപ്ളക്സ് ,നഗര ചത്വര കിയോസ്കുകൾ എന്നിവിടങ്ങളിലെ കടമുറികൾ മുൻകൂർ ലേല നിക്ഷേപ സംഗമം എന്ന പേരിൽ 2019 നവംബർ 20,21,22,23,24,25 എന്നീ തീയതികളിലും പിന്നീട് 2020 സെപ്റ്റംബർ 28,29 തീയതികളിലും അൽഷിഫ കൺവെൻഷൻ സെന്ററിൽ വച്ച് ലേലം നടത്തിയിരുന്നു.ലേല നടത്തിപ്പിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1 മുൻകൂർ ലേല നിക്ഷേപ സംഗമം

| | ഇനം | തുക |
|---|---|---|
| 1 | ഷിഫ കൺവെൻഷൻ സെന്ററിന്റെ 5 ദിവസത്തെ വാടക 1.5ലക്ഷ രൂപ/ദിവസം | 750000 |
| 2 | പ്രചാരണ പ്രവർത്തനങ്ങൾ നോട്ടീസ് വിതരണം ചാനൽ പരസ്യം ബാനർ സ്റ്റേഷനറി | 619934 |
| 3 | പത്ര പരസ്യം നൽകിയത് | 619424 |
| 4 | ഭക്ഷണം ചായ റിഫ്രഷ്മെന്റ് ചെലവുകൾ | 245000 |
| 5 | LEDവാൾ വീഡിയോ ഫോട്ടോ | 140000 |
| | ആകെ | 2374358 |

2)ലേലം -രണ്ടാം ഘട്ടം

(2020 സെപ്റ്റംബർ 28,29)

| | ഇനം | തുക |
|---|---|---|
| 1 | ഷിഫ കൺവെൻഷൻ സെന്റർ പെരിന്തൽമണ്ണ | 250000 |
| 2 | ക്യൂ ഫ്രൈം സ് ഫിലിംസ് പെരിന്തൽമണ്ണ | 77080 |
| 3 | ലിങ്ക് ഓഫ്സെറ്റ് പ്രസ്സ് പെരിന്തൽമണ്ണ | 119970 |
| 4 | കിഴിശ്ശേരി ലൈറ്റ്&സൗണ്ട് പെരിന്തൽമണ്ണ | 34500 |

| | |
|---|---|
| ആകെ | 481550 |

2019 നവംബർ 20,21,22,23,24,25 എന്നീ തീയതികളിൽ നടത്തിയ മുൻകൂർ ലേല നിക്ഷേപ സംഗമത്തിന്റെ ചെലവുകൾക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി നഗരസഭാ സെക്രട്ടറിയുടെ 30.10 2020ലെ ആർ2 12153/2019 നം കത്തു പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. സാധൂകരണം ലഭ്യമായതിന്റെ വിശദവിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2020 സെപ്റ്റംബർ 28,29 തീയതികളിൽ നടന്ന ലേലത്തിന് ഇത്രയധികം തുക ചെലവാക്കുന്നതിന് നഗരസഭ തീരുമാനമെടുക്കുകയും കൗൺസിലിന്റെ പ്രസ്തുത തീരുമാനത്തിനെതിരെ നഗരസഭ സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും നഗരസഭ സെക്രട്ടറിയുടെ വിയോജനകുറിപ്പോടെ തുക അനുവദിയ്ക്കുന്നതിന് 16.10.20ലെ 71 നമ്പരായി കൗൺസിൽ തീരുമാനമെടുക്കുകയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേലുള്ള ഉചിതമായ തീരുമാനം ലഭ്യമാക്കുന്നതിനായി 30.10 2020ലെ ആർ 2 12153 /19 നമ്പരായി തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള മറുപടി വിവരവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.38/23.2.22 (20-21) മറുപടി ലഭ്യമായിട്ടില്ല.
മേൽ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ആധുനിക ഇൻഡോർ മാർക്കറ്റ്- നിർമാണം പൂർത്തിയായിട്ടില്ല.നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭ പുതുതായി നിർമിയ്ക്കുന്ന ആധുനിക ഇൻഡോർ മാർക്കറ്റിന്റെ നിർമാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. ലേലം ഡെപ്പോസിറ്റ് രജിസ്റ്റർ അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ആധുനിക ഇൻഡോർ മാർക്കറ്റിലെ ആകെയുള്ള104 റൂമുകളിൽ 13 എണ്ണം ഒഴിച്ച് ബാക്കി എല്ലാ റൂമുകളും ലേലത്തിൽ പോയിട്ടുള്ളതാണ്.

നഗരസഭ കൗൺസിലിന്റെ 26.7.2019ലെ 17,18 എന്നീ നം തീരുമാനങ്ങൾ പ്രകാരം ലേലം കൊണ്ടയാൾ ലേലതുകയുടെ 50% തുക 45 ദിവസത്തിനകവും ആദ്യ അഡ്വാൻസ് അടച്ച് 5 മാസം കഴിയുമ്പോൾ 35% വും 1വർഷം കൊണ്ട് നിർമാണം പൂർത്തീകരിച്ച് കടമുറി കൈമാറുമ്പോൾ ബാക്കി 15% വും അടവാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇൻഡോർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമാണം നാളിതു വരെ പൂർത്തീകരിയ്ക്കാത്തതിനാൽ ലൈസൻസികൾ നഗരസഭയിൽ അടവാക്കിയ ഡെപ്പോസിറ്റ് തുക ലൈസൻസികൾക്ക് തിരിച്ചു കൊടുക്കേണ്ട അവസ്ഥയിലാണ്. ഒരു വർഷം കൊണ്ട് നിർമാണം പൂർത്തീകരിച്ച് കടമുറികൾ ബന്ധപ്പെട്ടവർക്ക് കൈമാറും എന്ന നഗരസഭയുടെ ഉറപ്പിന്മേലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. പണി പൂർത്തീകരിച്ച് കടമുറികൾ കൈമാറിയിട്ടില്ലാത്തതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിയ്ക്കേണ്ടിയിരുന്ന തനതു വരുമാനത്തിൽ ഭീമമായ നഷ്ടം സംഭവിച്ച് കൊണ്ടിരിക്കുകയാണ് .താഴെ കൊടുത്തിരിയ്ക്കുന്ന ലൈസൻസികളാണ് ആധുനിക ഇൻഡോർ മാർക്കറ്റിന്റെ റൂമുകൾ ലേലം കൊണ്ടിട്ടുള്ളത്. ടിയാളുകൾ റൂമുകൾ ലേലം വിളിച്ചെടുത്ത തുകയുടേയും അടവാക്കിയ ഡെപ്പോസിറ്റ് തുകയുടേയും അടവാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെയും വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസികളുടെ പേര് | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ് തുക | അടവാക്കിയ തുക | അടവാക്കാൻഅവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|---|
| 1 | അബ്ദു കരുവാരകുണ്ട് | G1 | 51ലക്ഷം | 2955000 | 2145000 |
| 2 | മുഹമ്മദ് മുസ്തഫ പെരിന്തൽമണ്ണ | G2 | 75ലക്ഷം | 2625000 | 4875000 |
| 3 | | G3 | 6169600 | 3584800 | 2584800 |
| 4 | ജാഫർ എരവിമംഗലം | G4 | 2948400 | 18ലക്ഷം | 1148400 |
| 5 | സി.വി .മൊയ്തീൻ വല്ലപ്പുഴ | G5 | 4816800 | 4119280 | 697520 |
| 6 | സി.വി .മൊയ്തീൻ വല്ലപ്പുഴ | G6 | 3510000 | 3008500 | 501500 |
| 7 | സൈതലവി പാതാക്കര | G7 | 3628800 | 2849400 | 779400 |
| 8 | സൽമാൻ ടി | G8 | 4071600 | 2535800 | 2128700 |

| | | | | | |
|---|---|---|---|---|---|
| | മുഹമ്മദ് സുധീർ | | | | |
| 9 | മുഹമ്മദ് റഫീക്ക് | G9 | 3704400 | 2505000 | 1199400 |
| 10 | മുഹമ്മദ് റഫീക്ക് | G10 | 4258800 | 2525000 | 1733800 |
| 11 | ഉമ്മു സൽമ അബ്ദുൾലത്തീഫ് | G11 | 42ലക്ഷം | 1750000 | 2450000 |
| 12 | അബ്ദുൾ ഹസീബ് കൊയിലാണ്ടി | G12 | 4309200 | 2155000 | 2154200 |
| 13 | രാധാകൃഷണൻ തേലക്കാട് | G13 | 42ലക്ഷം | 0 | 42ലക്ഷം |
| 14 | ഷെബിമോൾ കുന്നപ്പള്ളി | G14 | 4368000 | 1110000 | 3258000 |
| 15 | സൈതലവി പുലാമന്തോൾ | G15 | 4225200 | 3591420 | 6333780 |
| 16 | ഷാഹുൽ ബമീദ് പൂക്കാട്ടിരി | G16 | 3306600 | 975000 | 2331600 |
| 17 | അബ്ദുനാസർ പട്ടിക്കാട് | G17 | 33ലക്ഷം | 2275000 | 1025000 |
| 18 | ജസ്ന വലമ്പൂർ | G18 | 3498000 | 1749000 | 1749000 |
| 19 | സാദിഖലി ആനമങ്ങാട് | G19 | 3537600 | 198600 | 1551600 |
| 20 | മുഹമ്മദാലി പൊന്ന്യാർകുറുശ്ശി | G20 | 24684000 | 1234200 | 1234200 |
| 21 | മുഹമ്മദ് മുസ്തഫ ആലിപറമ്പ് | G25 | 3380000 | 3399750 | 19750 |
| 22 | അജീഷ് സി. പി അങ്ങാടിപ്പുറം | G24 | 2754000 | 1275000 | 1479000 |
| 23 | ഹാരിസ് പെരിന്തൽമണ്ണ | F1 | 4927650 | 3463825 | 1463825 |
| 24 | ബാസാദ് മാനത്തുമംഗലം | F2 | 1550000 | 1227500 | 322500 |
| 25 | അജീഷ് സി. പി ചെരയ്ക്കാപറമ്പ് | F3 | 8ലക്ഷം | 453000 | 347000 |
| 26 | ജെറി വർഗീസ് മാട്ടറയ്ക്കൽ | F4 | 1750000 | 1487500 | 262500 |
| 27 | ഗോവിന്ദൽ പാതാക്കര | F5 | 5025000 | 3212500 | 1812500 |
| 28 | ഫിറോസ് തച്ചിങ്ങനടം | F6 | 3375000 | 2150000 | 1225000 |
| 29 | മുജീബ് റഹ്മാൻ കുന്നപ്പള്ളി | F7 | 2675000 | 2273750 | 401250 |
| 30 | മുഹമ്മദാലി പെരിന്തൽമണ്ണ | F8 | 4050000 | 3442500 | 607500 |
| 31 | അഹമ്മദ് ബാബു പെരിന്തൽമണ്ണ | F10 | 8993600 | 2698080 | 6295520 |

| | | | | | |
|---|---|---|---|---|---|
| 32 | അബ്ദുൾറസാഖ് മണ്ണാർമല | F11 | 5137500 | 4366875 | 770625 |
| 33 | കെ.ടി മുസ്തഫ പെരിന്തൽമണ്ണ | F12 | 62ലക്ഷം | 3885000 | 2315000 |
| 34 | ഹാരിസ്റഹ്മാൻ മാനത്തുമംഗലം | F13 | 41ലക്ഷം | 3550000 | 550000 |
| 35 | മുഹമ്മദ്കുട്ടി ഏലംകുളം | F15 | 4550000 | 3275000 | 1275000 |
| 36 | സൈതലവി പുലാമന്തോൾ | F16 | 1812500 | 906250 | 906250 |
| 37 | ബാഹബുരാജ് പാതാക്കര | F17 | 2012500 | 1825000 | 187500 |
| 38 | മുഹമ്മദ് അബ്ദുറഹ്മാൻ | F19 | 2125000 | 1062500 | 1062500 |
| 39 | മുഹമ്മദ് പി. എൻ വള്ളിക്കാപ്പററ | F20 | 20ലക്ഷം | 17ലക്ഷം | 3ലക്ഷം |
| 40 | അബ്ദുൾലത്തീഫ് ചെത്തല്ലൂർ | F21 | 2137500 | 1818000 | 319500 |
| 41 | മുഹമ്മദ് ഷാഫി സുലൈഖ | F22 | 3050000 | 2150000 | 900000 |
| 42 | കൃഷ്ണൻ സി.പി പെരിന്തൽമണ്ണ | F24 | 20ലക്ഷം | 17ലക്ഷം | 3ലക്ഷം |
| 43 | അജീഷ് പാതാക്കര | F25 | 1625000 | 1381250 | 243750 |
| 44 | നൗഷാദ് വലമ്പൂർ | F26 | 9550000 | 3925000 | 5625000 |
| 45 | നൗഷാദ്<br>സലീം കുരിയാട്<br>അൻവർ<br>മൊയ്തീൻകുട്ടി | F27 | 13785150 | 7892575 | 589275 |
| 46 | അബ്ദു കരുവാരകുണ്ട് | F28 | 5342900 | 0 | 5342900 |
| 47 | അബ്ദുന്നാസർ വെള്ളില | F30 | 5597300 | 2725000 | 2872300 |
| 48 | സൈനുദ്ദീൻ മണ്ണാർക്കാട് | F41 | 3275000 | 2247500 | 1027500 |
| 49 | മുഹമ്മദ് ഷരീഫ് പൊന്ന്യാർകുറുശ്ശി | FK2 | 1005000 | 301500 | 703500 |
| 50 | അബ്ദുൾ മജീദ് കാര്യവട്ടം | FK3 | 950000 | 3ലക്ഷം | 650000 |
| 51 | അബ്ദുൾ ഹമീദ് മാനത്തുമംഗലം | FK4 | 955000 | 811750 | 143250 |
| 52 | കുഞ്ഞിമുഹമ്മദ് ഏലംകുളം | FK5 | 962000 | 817700 | 144300 |
| 53 | ഫെബിന വെട്ടത്തൂർ | FK6 | 1016000 | 325000 | 691000 |

| | | | | | |
|---|---|---|---|---|---|
| 54 | മുഹമ്മദ്റഷീദ് പെരിന്തൽമണ്ണ | FK7 | 1080000 | 918000 | 162000 |
| 55 | അഷറഫ് കെ കുന്നപ്പള്ളി | FK8 | 10ലക്ഷം | 325000 | 675000 |
| 56 | ഷാഹുൽ ഹമീദ് വളാഞ്ചേരി | F33 | 9875000 | 2525000 | 1538000 |
| 57 | ഫിറോസ് തച്ചിങ്ങനടം | F35 | 6491250 | 4396500 | 2094750 |
| 58 | മുഹമ്മദ് മുസ്തഫ ആനമങ്ങാട് | F36 | 2125000 | 1062500 | 1062500 |
| 59 | മുഹമ്മദ് ഹാരിസ് പൂപ്പലം | F37 | 8497050 | 1212132 | 7284918 |
| 60 | അബ്ദുറ ഹിം കെ | F38 | 32ലക്ഷം | 2225000 | 975000 |
| 61 | അബ്ദു കരുവാരകുണ്ട് | F40 | 6375000 | 1937500 | 4437500 |
| 62 | അജീഷ് കെ പി പാതാക്കര | FK11 | 830000 | 705800 | 124500 |
| 63 | റൈഹാനത്ത് കുന്നക്കാവ് | S1 | 3746875 | 3184906 | 561969 |
| 64 | റിനിത ആരിഫ് ഏലംകുളം | S2 | 2109000 | 1792650 | 316350 |
| 65 | ഷമീറ ഇടി ആനമങ്ങാട് | S3 | 2718600 | 1359300 | 1359300 |
| 66 | ഷെമിന ചെർപ്പുശ്ശേരി | S4 | 4291000 | 3647350 | 643650 |
| 67 | ഷൂമൈന അരിപ്ര | S5 | 2125000 | 1806250 | 3931250 |
| 68 | ജമീല ഉൗത | S6 | 2075000 | 925000 | 115000 |
| 69 | സൈനബ മണ്ണാർക്കാട് | S7 | 1375000 | 687500 | 687500 |
| 70 | അജിമോൾ മണ്ണാർക്കാട് | S8 | 4078750 | 2065000 | 2013750 |
| 71 | സുലൈഖ പുലാമന്തോൾ | S11 | 2629750 | 2235375 | 394375 |
| 72 | ഷക്കീല മണ്ണാർക്കാട് | S12 | 2590500 | 1930250 | 660250 |
| 73 | ജമീല അങ്ങാടിപ്പുറം | S13 | 1175000 | 998750 | 176250 |
| 74 | ഗിരീഷ് കെ മഞ്ചേരി | S15 | 1037500 | 231250 | 806250 |
| 75 | പ്രസീന പാതാക്കര | S16 | 862500 | 732625 | 129875 |
| 76 | റുക്കിയ പാതാക്കര | S21 | 1715625 | 1157813 | 557812 |
| 77 | അബ്ദുൾ മജീദ് ആനമങ്ങാട് | S25 | 2187000 | 665000 | 1522000 |
| 78 | മുഹമ്മദ് റഫീക്ക് | S26 | 2079000 | 525000 | 1554000 |

| | | | | | |
|---|---|---|---|---|---|
| | ആനമങ്ങാട് | | | | |
| 79 | മുഹമ്മദ് മാട്ടറയ്ക്കല | S28 | 2295000 | 1547500 | 747500 |
| 80 | മെങ്ങുഫ് അരക്കുപറമ്പ് | S31 | 2520000 | 1760000 | 760000 |
| 81 | ബൈദരാലി മുഹമ്മദ് | S32 | 2598750 | 1299375 | 1299375 |
| 82 | മോഹനദാസൻ കുഴിമണ്ണ | S33 | 3888000 | 3244000 | 644000 |
| 83 | ഫെബിന പൊന്ന്യാർകുറുശ്ശി | S34 | 1525000 | 7625000 | 7625000 |
| 84 | ജെറി വർഗീസ് മാട്ടറയ്ക്കൽ | S38 | 2145000 | 1267050 | 877950 |
| 85 | നബീസ അമ്മിണിക്കാട് | S39 | 16225000 | 1379125 | 243375 |
| 86 | സെയ്തലവി പുലാമന്തോൾ | S40 | 2007500 | 1706375 | 301125 |
| 87 | റഷീദ് കെ കുന്നത്തൊടി | SK9 | 680000 | 578000 | 102000 |
| 88 | ലൈലാബി വെട്ടത്തൂർ | SK10 | 6ലക്ഷം | 414000 | 186000 |
| 89 | ഷൈബി കുന്നപ്പിള്ളി | G21 | 264000 | 0 | 264000 |
| 90 | | FK2 | 750000 | 225000 | 525000 |
| | | | 291373250 | 170392181 | 120981069 |

ഇൻഡോർ മാർക്കറ്റ് നിർമാണം നാളിതു വരെ പൂർത്തീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ലൈസൻസികൾ നഗരസഭയിൽ അടവാക്കിയ ഡെപ്പോസിറ്റ് തുക ലൈസൻസികൾക്ക് തിരിച്ചു കൊടുക്കേണ്ടതായും അത് നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിയ്ക്കുകയും ചെയ്യും . ആധുനിക ഇൻഡോർ മാർക്കറ്റിന്റെ നിർമാണം പൂർത്തീകരിയ്ക്കാൻ കഴിയാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിററ് എൻക്വയറിയ്ക്കുള്ള (നം.16/20.2.22 /20-21) മറുപടിയിൽ, മാർക്കറ്റിന്റെ നിർമാണം രണ്ടു ഘട്ടങ്ങളിലായാണ് പൂർത്തീകരിയ്ക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ഒന്നാം ഘട്ട സമയത്ത് മാർച്ചിൽ വന്ന കോവിഡ് 19ന്റെ സാഹചര്യത്തിൽ നിർമാണ പ്ര വർത്തനങ്ങൾ അനിശ്ചിതകാലത്തേയ്ക്ക് നിർത്തി വയ്ക്കേണ്ടി വന്നുവെന്നും എങ്കിലും ഒന്നാം ഘട്ടത്തിന്റെ 95% പൂർത്തീകരിച്ചിട്ടുണ്ടെന്നും തുടർന്ന് രണ്ടാം ഘട്ട പ്രവൃത്തി ആരംഭിയ്ക്കുന്നതിനു സജ്ജമായെങ്കിലും പ്രളയസാധ്യത മുൻനിർത്തി റവന്യൂ വകുപ്പ് പുറത്തിറക്കിയ ഖനനനിരോധന ഉത്തരവു മൂലവും കോവിഡ് 19 മൂലമുണ്ടായ പ്രത്യാഘാതങ്ങൾ കാരണവും ആസൂത്രണം ചെയ്ത പോലെ തനതു ഫണ്ട് വരാത്തതും ഹഡ്കോയുടെ വായ്പ ലഭിയ്ക്കുന്നതിൽ വന്ന കാലതാമസവും കൊണ്ടുമാണ് പദ്ധതിയുടെ നിർമാണത്തിന്റെ വേഗം കുറഞ്ഞുപോയത് എന്നും ഹഡ്കോയുടെ വായ്പ ലഭ്യമാകുന്ന മുറയ്ക്കും ഇതര സാമ്പത്തിക സ്രോതസ്സുകൾ മുഖേനയും ആധുനിക ഇൻഡോർ മാർക്കറ്റിന്റെ നിർമാണം പൂർത്തീകരിയ്ക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.ആധുനിക ഇൻഡോർ മാർക്കറ്റിന്റെ നിർമാണത്തിലുള്ള പുരോഗതിയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴുവനും അടവാക്കിയില്ല.

നഗരസഭയുടെ ഹൈടെക് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ സ്ക്വയർ കിയോസ്ക് ,ഇ എം എസ് കിയോസ്ക് എന്നിവയുടെ റൂമുകൾ ലേലം കൊണ്ട താഴെ കൊടുത്തിരിയ്ക്കുന്ന ലൈസൻസികൾ മുഴുവൻ ഡെപ്പോസിറ്റ് തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല. അടവാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

1)ഹൈടെക് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | ലൈസൻസികളുടെ പേര് | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ | അടവാക്കിയ തുക | അടവാക്കാൻഅവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| 1 | ഉസ്മാൻ വലമ്പൂര് | G1 | 3967700 | 2183850 | 1783850 |
| 2 | ഹഫ്സത്ത് പെരിന്തൽമണ്ണ | G2 | 3805385 | 1641616 | 2163769 |
| 3 | സക്കീർ ഹുസൈൻ വററല്ലൂർ | G3 | 3805385 | 2325000 | 1480385 |
| 4 | ഹാരിസ് പൂപ്പലം | G4 | 2975775 | 0 | 2975775 |
| 5 | മുഹമ്മദ് സാലിഹ് പാതാക്കര | G5 | 2705250 | 525000 | 2180250 |
| 6 | മുഹമ്മദാലി ചെർപ്ലശ്ശേരി | G6 | 3877525 | 3851295 | 26230 |
| 7 | ഹാരിസ് മോൻ സൈഫുദ്ദീൻ | G7 | 3733245 | 2516623 | 1216622 |
| 8 | അബ്ദുറഹ്മാൻ കള്ളത്ത് | G8 | 5165000 | 0 | 5165000 |
| 9 | അബ്ദുന്നിസാർ പെരിന്തൽമണ്ണ | G9 | 3122955 | 3122455 | 500 |
| 10 | മുഹമ്മദ് അഫ്സൽ പെരിന്തൽമണ്ണ | G10 | 3076689 | 2400000 | 676689 |
| 11 | ഷാഹിം താമരക്കഴി<br>ജസീന തേലക്കാട് | G11 | 2660295 | 1738150 | 922145 |
| 12 | മുഹമ്മദ് അബ്ദുറബ്മാൻ | G12 | 3493083 | 2246542 | 1246541 |
| 13 | കാസിം<br>മുഹമ്മദ് മുസ്തഫ<br>ഫിറോസ്<br>സക്കീർ ഹുസൈൻ | G13 | 5165000 | 4700000 | 465000 |
| 14 | സജിത്ത് കട്ടുപ്പാറ | G15 | 7323600 | 3675000 | 3648600 |
| 15 | ഫിറോസ് തച്ചിങ്ങനടം | G16 | 3840078 | 2336032 | 1504046 |
| 16 | അജീഷ് അങ്ങാടിപ്പുറം | G17 | 2313300 | 1275000 | 1038300 |
| 17 | അബ്ദുൾ റഷീദ് മണ്ണാർമല | G18 | 2660295 | 1330148 | 1330147 |
| 18 | ഡോ. ശിവമാമൻ പെരിന്തൽമണ്ണ | G19 | 7540462 | 3185000 | 4355462 |
| 19 | കറുപ്പൻ ആനമങ്ങാട് | G20 | 4903330 | 0 | 4903330 |
| 20 | മൊയ്തു കുന്നക്കാവ് | G23 | 2706561 | 1353281 | 1353280 |
| 21 | മുഹമ്മദ് കുട്ടി ഏലംകുളം | G24 | 7368048 | 3884024 | 3484024 |
| 22 | സുൽഫിക്കർ മാനത്തുമംഗലം | G25 | 5169600 | 2585000 | 2584600 |
| 23 | അബ്ദു സലാം | G26 | 2914758 | 610000 | 2304758 |
| 24 | മുഹമ്മദ് മുസ്തഫ ആനക്കയം | G27 | 2868492 | 2435000 | 433492 |
| 25 | അനീഷ് കെ പി പാതാക്കര | G28 | 2475231 | 2104116 | 371115 |
| 26 | കുഞ്ഞിമുഹമ്മദ് പുലാമന്തോൾ | G29 | 2544630 | 2162936 | 381694 |
| 27 | അൻവർ സാദത്ത് അങ്ങാടിപ്പുറം | G30 | 5655785 | 5007918 | 647867 |

| | | | | | |
|---|---|---|---|---|---|
| 28 | സെയ്ത് മുഹമ്മദ് കരിമ്പ | G31 | 3462720 | 2943312 | 519408 |
| 29 | സക്കീർഅലി പാതാക്കര | G32 | 2074025 | 10037013 | 10037012 |
| 30 | അബ്ബാസ് പൂപ്പലം | G33 | 3318440 | 2825000 | 493440 |
| 31 | റഷീദ് പെരിന്തൽമണ്ണ | G34 | 3372545 | 2841664 | 530881 |
| 32 | അബ്ദുറസാക്ക് പച്ചീരി | G35 | 3300405 | 2805345 | 495060 |
| 33 | ജൈമെസ് ബാബു മണ്ണാർമല | G36 | 3264335 | 2914335 | 350000 |
| 34 | വിമല തിരൂർക്കാട് | G37 | 3697175 | 3242603 | 454572 |
| 35 | റഷീദലി പെരിന്തൽമണ്ണ | Gk1 | 1750000 | 1487500 | 262500 |
| 36 | ഇബ്രാഹിം അമ്മിണിക്കാട് | Gk6 | 1550000 | 1075000 | 475000 |
| 37 | മുഹമ്മദാലി ഏലംകുളം | Gk7 | 16ലക്ഷം | 775000 | 825000 |
| 38 | സിറാജുദ്ദീൻ ഏലംകുളം | Gk9 | 21ലക്ഷം | 1735000 | 365000 |
| 39 | അബ്ദുന്നാസർ പെരിന്തൽമണ്ണ | Gk10 | 14ലക്ഷം | 1090000 | 310000 |
| 40 | ഉമ്മർ അങ്ങാടിപ്പുറം മുഹമ്മദാലിപുത്തനങ്ങാടി | Gk11 | 1450000 | 725000 | 725000 |
| 41 | മുഹമ്മദാലി പെരിന്തൽമണ്ണ | Gk12 | 14ലക്ഷം | 675000 | 725000 |
| 42 | അഞ്ജലിമോൾ പെരിന്തൽമണ്ണ | Gk13 | 13ലക്ഷം | 285000 | 1015000 |
| 43 | ഡോ. ശിവരാജ് പെരിന്തൽമണ്ണ | Gk14 | 13ലക്ഷം | 1105000 | 195000 |
| 44 | അരുൺ കെ പടിഞ്ഞാറ്റുമുറി | Gk15 | 1025000 | 625000 | 400000 |
| 45 | അബ്ദുൾ സലീം വലമ്പൂർ | Gk16 | 1475000 | 225000 | 125000 |
| | | | | | 66946344 |
| | | | | | |

2)ടൗൺ സ്ക്വയർ കിയോസ്ക്

| ക്രമ നം | **ലൈസൻസികളുടെ പേര്** | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ തുക | അടവാക്കിയ തുക | **അടവാക്കാൻഅവശേഷിക്കുന്ന തുക** |
|---|---|---|---|---|---|
| 1 | ഉസ്മാൻ വലമ്പൂർ | Gk1 | 2940000 | 2915000 | 25000 |
| 2 | ലിജേഷ് പെരിന്തൽമണ്ണ | Gk4 | 1020000 | 910000 | 110000 |
| 3 | യഹിയ വേങ്ങൂർ | Gk5 | 870000 | 425000 | 445000 |
| | | | | | 580000 |

3) ഇ എം എസ് കിയോസ്ക്

| ക്രമ നം | **ലൈസൻസികളുടെ പേര്** | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ തുക | അടവാക്കിയ തുക | **അടവാക്കാൻഅവശേഷിക്കുന്ന തുക** |
|---|---|---|---|---|---|
| 1 | ഡോ. ശിവരാജ് സി.എസ് | Gk42 | 4455000 | 0 | 4455000 |

ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം അറിയിയ്ക്കുന്നതു സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറി നം./20.2.22 (20-21)യ്ക്ക് മറുപടി ലഭ്യമായിട്ടില്ല.വിശദവിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-22 വാണിജ്യാവശ്യത്തിനു കെട്ടിടം നിർമ്മിക്കാൻ മാത്രം അനുമതിയുള്ള വസ്തുവിൽ വാസഗൃഹ യൂണിറ്റുകൾ നിർമ്മാണം

അപേക്ഷ നം: BA 57/2021-21/14.02.20 : ശ്രീ.എസ്.എസ്.യാക്കൂബ്

പെരിന്തൽമണ്ണ വില്ലേജിലെ 19/7 സർവേ നമ്പറിൽ വരുന്ന 49 സെന്റ്, 2/8 ൽ ഉൾപ്പെടുന്ന 28.05സെന്റും അടങ്ങിയ ഭൂമി തരം മാറ്റി പെരിന്തൽമണ്ണ സബ് കളക്ടറുടെ 27.10.2018ലെ കെ.ഡി.എസ് /925/18/ആർ.ഡി.ഒ/പി.ടി.എം നമ്പർ പ്രകാരം നിബന്ധനകളോടെ ഉത്തരവായിട്ടുണ്ട്. നിബന്ധനകളിൽ രണ്ടാമത്തേത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ആക്ട് -വകുപ്പ് 27(എ) ഉപ വകുപ്പ് 3പ്രകാരമുള്ള ഫീസ് നൽകാൻ അപേക്ഷകൻ ബാധ്യസ്ഥനാണ് എന്നും മൂന്നാമത്തേത് പ്രസ്തുത നിയമം വകുപ്പ്27(എ)9 പ്രകാരം ജലസംരക്ഷണ നടപടികൾക്കായി 10% ഭൂമി നീക്കിവെയ്ക്കേണ്ടതാണ് എന്നും അഞ്ചാമത്തേത് അനുമതി ലഭിച്ച സ്ഥലം അപേക്ഷകർക്ക് വാണിജ്യാവശ്യത്തിനു കെട്ടിടം നിർമ്മിക്കാൻ മാത്രമേ ഉപയോഗിക്കാൻ പാടുള്ളുവെന്നും ഇക്കാര്യം മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ് എന്നുമാണ്.

ശ്രീ.എസ്.എസ്.യാക്കൂബിന് പ്രസ്തുത ഭൂമിയിൽ വാണിജ്യാവശ്യത്തിനു കെട്ടിടം നിർമ്മിക്കുന്നതിന് BA 703/2018-19/16.8.19 നമ്പർ പെർമിറ്റ് ലഭിച്ചിരുന്നു. ആയത് ഭേദഗതി വരുത്തി 3 നിലകളിലായി 20 വാസഗൃഹ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 14.02.20 ന് ബിൽഡിംഗ് പെർമിറ്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൻ മേൽ പരിശോധന നടത്തി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ആക്ട് -വകുപ്പ് 27(എ) ഉപ വകുപ്പ് 3പ്രകാരമുള്ള ഫീസ് ഒടുക്കിയ വിവരം ലഭ്യമാക്കുന്നതിന് അപേക്ഷകനോടാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സബ്കളക്ടറുടെ ഉത്തരവിലെ അഞ്ചാമത്തെ നിബന്ധനക്ക് വിരുദ്ധമാകുന്നതിനാൽ വാസഗൃഹ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ പറ്റില്ലെന്ന വിവരം അപേക്ഷകനെ അറിയിച്ചതായി കാണുന്നില്ല.അതോടൊപ്പം ജലസംരക്ഷണ നടപടികൾക്കായി 10% ഭൂമി നീക്കിവെച്ച് ശേഷിക്കുന്ന ഭൂമി മാത്രമാണ് പ്ലാൻ തയ്യാറാക്കുന്നതിന് പരിഗണിച്ചിട്ടുള്ളതെന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

സബ് കളക്ടറുടെ ഉത്തരവിലെ മൂന്നാമത്തേയും അഞ്ചാമത്തെയും നിബന്ധനകൾ പാലിക്കുന്നത് സംബന്ധിച്ച മേൽ പരാമർശങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 39 /23.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭൂമി തരം മാറ്റി നൽകിയ ഉത്തരവിലെ നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കി നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ജനകീയ ഹോട്ടൽ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ഫയൽ നമ്പർ H2-9436/20

സ.ഉ (സാധ) നം 733/20 തി. 3.4.20 പ്രകാരം സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണം ലഭ്യമാക്കുന്നതിന് ജനകീയ ഹോട്ടലുകൾ ആരംഭിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലിനാവശ്യമായ കെട്ടിടം,വെള്ളം,വൈദ്യുതി തുടങ്ങിയവ ഉൾപ്പടെ അടിസ്ഥാന സൗകര്യങ്ങൾ നഗരസഭ ലഭ്യമാക്കണം.പ്രോജക്ട് നമ്പർ 157/20-21 വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ പ്രകാരം പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമാർജന സെൽ നിർവഹണ ഉദ്യോഗസ്ഥനായി 1,50,000 രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

പെരിന്തൽമണ്ണ നഗരസഭയിൽ ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സിൽ (നഗരസഭയുടെ ഉടമസ്ഥതയിലുള്ളത്) വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടൽ ആരംഭിക്കുകയും തനത് ഫണ്ടിൽ നിന്നും(വൗച്ചർ നമ്പർ 22000363/15.7.20) 50750രൂപ ചെലവ് ചെയ്ത് യൂസഫ് മലബാർ ട്രേഡിംഗ് ഏലംകുളത്തുനിന്നും താഴെ പറയും പ്രകാരം ഫർണ്ണിച്ചറും ട്രോളിയും വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ 183/30.6.20)46/7-20

| ക്രമനമ്പർ | ഫർണ്ണിച്ചർ | എണ്ണം | തുക | ആകെ തുക |
|---|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ | 10 | 2600 | 26000 |
| 2 | സ്റ്റൂൾ | 50 | 160 | 8000 |
| 3 | സെമി വെർജിൻ ആംലെസ്സ് ചെയർ | 5 | 350 | 1750 |
| 4 | ട്രോളി | 1 | 8000 | 8000 |
| | | | | |

| | | | | |
|---|---|---|---|---|
| | | | CGST | 3937.50 |
| | | | SGST | 3937.50 |
| | | | IT@2% | 875 |
| | ആകെ | | | 50750 |

15.2.22 ന് നടത്തിയ സ്ഥല പരിശോധനയിൽ ഹോട്ടൽ പൂട്ടിക്കിടക്കുന്നതാണ് കാണാൻ കഴിഞ്ഞത്.

ഇതു സംബന്ധിച്ച് നൽകിയ നമ്പർ 18/17.2.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജീവനക്കാർക്ക് കോവിഡ് ബാധിച്ചതിനാൽ ഹോട്ടൽ അടച്ചിട്ടതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഹോട്ടൽ പ്രവർത്തനക്ഷമമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്.

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ)ചട്ടങ്ങൾ ചട്ടം 3,4 എന്നിവ പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് കൗൺസിൽ രൂപീകരിച്ച ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കഴിയാത്ത കാലയളവിനുള്ളിൽ മുനിസിപ്പാലിറ്റി യോഗം ചേർന്ന് മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാകുന്നതിന് സമയപരിധി എത്രയാണെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. എന്നാൽ പെരിന്തൽമണ്ണ നഗരസഭയിൽ പൊതു തെരഞ്ഞെടുപ്പിനുശേഷം 21.12.2020 ന് പുതിയ കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 29/21.2.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് വ്യാപനത്തിന്റെ രൂക്ഷത മൂലം സമയബന്ധിതമായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് താമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

## 1-25 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ലേലം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നു

വാടക ഡിമാൻറ് രജിസ്റ്റർ അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പെരിന്തൽമണ്ണ നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ താഴെ കൊടുത്തിരിയ്ക്കുന്ന റൂമുകൾ 2020-21 വർഷത്തിൽ വാടകയ്ക്കു നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഹൈ ടെക്ക് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | റൂം നം |
|---|---|
| 1 | എഫ് 2 |
| 2 | എഫ് 4 |
| 3 | എഫ് 13 |
| 4 | എഫ് 14 |
| 5 | എഫ് 15 |
| 6 | എഫ് 23 |
| 7 | എസ് 5 |
| 8 | എസ് 11 |
| 9 | എസ് 13 |
| 10 | എസ് 20 |
| 11 | എസ് 21 |
| 12 | എസ് 22 |
| 13 | എസ് 23 |
| 14 | എസ് 24 |
| 15 | ടി 5 |
| 16 | ടി 6 |
| | |

| | |
|---|---|
| 17 | ടി 20 |
| 18 | ടി 21 |
| 19 | ടി 22 |
| 20 | ടി 23 |
| 21 | ടി 27 |
| 22 | ടി 31 |

2)ബൈപാസ് കോംപ്ലക്സ്

റൂം നം 4,7എന്നിവ

മേൽ റൂമുകൾ വാടകയും നൽകാത്തതിന്റെ കാരണവും പ്രസ്തുത റൂമുകളിന്മേൽ ലേലനടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 35/22.2.22/20-21 ന് മറുപടി ലഭ്യമായില്ല. ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലം ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-26 ചെലവ് വിവരം ലഭ്യമാക്കിയില്ല. 3,40,000 രൂപ തടസ്സം ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ 34 വാർഡുകളിലെ ജാഗ്രതാ സമിതികളുടെ എൻ ആർ എച്ച് എം ആരോഗ്യകേരളം അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം ആകെ 3,40,000 രൂപ നിക്ഷേപിച്ചിട്ടുണ്ട്.( വൗച്ചർ നമ്പർ 22000740/13.10.20).മേൽ തുക വിനിയോഗിച്ചതിന്റെ ചെലവ് വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല. 57/10-20

ഇതു സംബന്ധിച്ച് നമ്പർ 20/17.2.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 34 വാർഡുകളിലെ ജാഗ്രതാ സമിതികളിൽ 10,000 രൂപ വീതം നിക്ഷേപിച്ചിട്ടുണ്ടെന്നും ചെലവ് വിവരപ്പട്ടിക വാർഡുകളിൽ നിന്നും ലഭ്യമാക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ചെലവ് വിവരം ലഭ്യമാകുന്നതുവരെ 3,40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/ പ്രോജെക്ടിന്റെ പേര് | തുക | ബിൽ /വൗച്ചർ നമ്പർ/തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 298/20-21 തുടർ സാക്ഷരതാ പദ്ധതി(So) | 72,000 | 44/11.4.2020 | ഗുഡ് ഇംഗ്ലീഷ് കോഴ്സിനായി 36 പഠിതാക്കളുടെ പദ്ധതി വിഹിതം കേരള സംസ്ഥാന സാക്ഷരതാമിഷൻതിരുവനന്തപുരത്ത്അടവാക്കിയത്. |
| 2 | 295/20-21 വയോമിത്രം(So) വികസന ഫണ്ട് | 10,00,000 | 42/11.4.2020 | നഗരസഭയിൽ വയോമിത്രം പ്രോജെക്ടിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തിരുവനന്തപുരത്ത് അടവാക്കിയത്. |
| 5 | 323/20-21 സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ് നവീകരണം-നഗരസഭാവിഹിതം(So) വികസനഫണ്ട് | 1,00,000 | 43/11.4.2020 | സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ് നവീകരണത്തിനായി ചാമ്പർ ഓഫ് മുനിസിപ്പൽ ചെയർമാന് അനുവദിച്ചത്. |
| 6 | വനിതാ വിമൻസ് ഹോസ്റ്റൽ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പൈപ്പ് ലൈൻ മാറ്റി | 49,000 | 22001816/24.3.2021 78/3-21 | കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ പെരിന്തൽമണ്ണയിൽ നിക്ഷേപിച്ചത്. |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കുന്നതിനുള്ള ചെലവ്<br>തനത് ഫണ്ട് | | | |
| 7 | നഗരസഭയുടെ ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന്<br>തനത് ഫണ്ട് | 34,62,971 | 22000523/8.9.2020<br>14/9-20 | കെഎസ്ഇബി പെരിന്തൽമണ്ണയിൽ നിക്ഷേപിച്ചത് |
| 8 | പെരിന്തൽമണ്ണ നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്ന് വെർമി കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ മൂന്നാം ഗഡു | 8,33,910 | 22000558/11.9.2020<br>27/9-20 | ഐ ആർ ടി സി പ്രോജെക്ട് ഇംപ്ലിമെന്റേഷൻ യൂനിറ്റ് മുണ്ടൂരിൽ നിക്ഷേപിച്ചത് |
| | ആകെ | 55,17,881 | | |

ഇത് സംബന്ധിച്ച നമ്പർ 17/17.2.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 55,17,881 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം -പ്രയോജനപ്പെടുത്തേണ്ടതാണ്.

2020-21 വർഷത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.നഗരത്തിലെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം ഒരുക്കുന്നതിനാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയത്.

| ക്രമനമ്പർ | പ്രവത്തിയുടെ പേര് | ചെലവ് തുക | പ്രവൃത്തിയുടെ വിശദാംശങ്ങൾ | വൗച്ചർ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ടാക്സി സ്റ്റാന്റ് കം ലേഡീസ് റിട്ടയർമെന്റ് റൂമിലേക്ക് ഫർണിച്ചർ | 2,69,913 | ടെണ്ടർ നടപടിയിലൂടെ എക്സൽ ഫർണിച്ചർ പൂപ്പലം എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.<br>(ഇൻവോയ്സ് നമ്പർ GST/094/1.10.19) | 22001203/30.1.21<br>തനത് ഫണ്ട്<br>56/1-21 | ഫയൽ PW2-13805/19 |
| 2 | ടാക്സി സ്റ്റാന്റ് കം ലേഡീസ് റിട്ടയർമെന്റ് റൂമിൽ സിസിടിവി ,എയർകണ്ടീഷൻ,ടിവി എന്നിവ സ്ഥാപിക്കൽ | 3,65,930 | ടെണ്ടർ നടപടിയിലൂടെ മാജിക് ക്രിയേഷൻ എഡിഎസ് @മീഡിയ പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും സിസിടിവി,എയർകണ്ടീഷൻ ടിവി എന്നിവ വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ട്.<br>(ഇൻവോയ്സ് നമ്പർ 1099/7.11.19) | 22000957/25.11.20തനത് ഫണ്ട്<br>91/11-20 | PW2M13805/19(2) |
| 3 | നഗരസഭയുടെ ഹൈടെക് ഷോപ്പിംഗ് | 78,738 | നടപടിയിലൂടെ മാജിക് ക്രിയേഷൻ എഡിഎസ് | 22000366/15.7.20തനത് ഫണ്ട് | Pw2 10483/19(1) |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലക്സിലെ ഷീസ്റ്റേയിൽ സിസിടിവി ,എയർകണ്ടീഷൻ,ടിവി എന്നിവ സ്ഥാപിക്കൽ | | @മീഡിയ പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും സിസിടിവി,എയർകണ്ടീഷൻ ടിവി എന്നിവ വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 1098/7.11.19) | 49/7-20 | |

15.2.22 ന് മേൽ സ്ഥാപനങ്ങളിൽ സ്ഥല പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ടാക്സി സ്റ്റാന്റ് കം ലേഡീസ് റിട്ടയർമെന്റ് റൂമിൽ സജ്ജീകരിച്ച ഫർണിച്ചർ ഉൾപ്പടെയുള്ള സാധനങ്ങളിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലും ടാക്സി സ്റ്റാന്റിലും സ്ഥാപിച്ച ടി വി കൾ പ്രവർത്തനരഹിതമാണ്.മേൽ സ്ഥാപനങ്ങളിൽ ജലസൗകര്യം ലഭ്യമല്ല. സ്ഥാപനം പുറമെ നിന്നു കാണുന്നവിധം ബോർഡ് സ്ഥാപിച്ചിട്ടില്ല. സ്ഥാപനങ്ങളിൽ ഒരു താൽക്കാലിക വനിത കെയർടേക്കർ ആയി പ്രവർത്തിക്കുകയാണ്. വനിതകൾക്ക് രാത്രി സമയങ്ങളിൽ താമസിക്കത്തക്കവിധം സെക്യൂരിറ്റി അനുവദിച്ചിട്ടില്ല. ഷീസ്റ്റേയിൽ 1.4.2020 നു ശേഷം കേവലം 6 പേർ മാത്രമാണ് 6 ദിവസങ്ങളിലായി രജിസ്റ്റർ പ്രകാരം താമസിച്ചിട്ടുള്ളത്.നിലവിൽ ഒരു കുടുംബശ്രീ യൂനിറ്റാണ് ഷീ സ്റ്റേ ഏറ്റെടുത്ത് നടത്തുന്നത്.ഷീസ്റ്റേ സംബന്ധിച്ച് നമ്പർ 24/19.2.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഷീസ്റ്റേ നിഷ്ക്രിയ ആസ്തിയായി മാറാതെ സ്ത്രീകൾക്ക് പ്രയോജനം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പരിരക്ഷാ പ്രൊജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

നിർവഹണം - സെക്രട്ടറി

2020-21 വർഷത്തിൽ പെരിന്തൽമണ്ണ നഗരസഭയിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പരിരക്ഷാ പദ്ധതികൾ നിർവഹണം നടത്തിയിട്ടുണ്ട്

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | ഫയൽ നമ്പർ |
|---|---|---|---|---|
| 1 | 21/20-21സാന്ത്വനം-സമഗ്ര പാലിയേറ്റിവ് പദ്ധതി | 2000000 | 1997805 | എച്ച്2 13018/20 |
| 2 | 59/21 വയോജനങ്ങൾക്കുള്ള ഹോംകെയർ പാലിയേറ്റിവ് പദ്ധതി | 300000 | 160706 | |
| 3 | 332/20-21 സാന്ത്വനം സമഗ്ര പാലിയേറ്റിവ് പദ്ധതി(സ്പിൽ ഓവർ) | 907480 | 907480 | |
| 4 | 333/20-21 വയോജനങ്ങൾക്കുള്ള ഹോംകെയർ പാലിയേറ്റിവ് പദ്ധതി | 313216 | 0 | |

- പരിരക്ഷ സംബന്ധിച്ച് 2020-21 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പടെ 4 പ്രോജെക്ടുകൾ ഉണ്ട്. ഓരോ പ്രോജക്ടിന്റെയും ഫയലുകൾ ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ,പാലിയേറ്റിവ് മാനേജിംഗ് കമ്മിറ്റി മിനുട്ട്സ്,എന്നിവ ഫയലിനോടോപ്പം സൂക്ഷിച്ചിട്ടില്ല. പരിരക്ഷാ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നമ്പർ 37/23-2-22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. പരിരക്ഷാ പദ്ധതിയിൽ വിഭാവനം ചെയ്ത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ പരിരക്ഷാ പദ്ധതി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന രീതിയിൽ ക്രമീകരിക്കുന്നത് പദ്ധതി സുഗമമായി നടപ്പിലാക്കാൻ സഹായകരമാകും. പരിരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഈ റിപ്പോർട്ടിന്റെ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളിലെ അപാകത -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 137681 രൂപ തിരിച്ചടവാക്കി

2020-21 സാമ്പത്തിക വർഷത്തിലെ മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകളിൽ അധികം നൽകിയ തുക തിരിച്ചടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഓഡിറ്റിൽ കണ്ടെത്തിയ അപാകത/ എൻക്വയറി നമ്പർ | തിരിച്ചടവിന്റെ വിവരം |
|---|---|---|---|
| 1 | 1)ജി.എച്ച്.എസ്.എസ് പെരിന്തൽമണ്ണ ഡ്രൈനേജ് (പ്രൊജക്ട് ഇല്ല)<br>ഫയൽ നം.PW1/13264/17<br>2) മനഴി സ്റ്റാന്റിന് മുൻവശം കാന നിർമ്മാണം<br>(പ്രൊജക്ട് 507/21)<br>ഫയൽ നം.PW1/507/21<br>3) മനഴി സ്റ്റാന്റിന് പിൻവശം കാന നിർമ്മാണം<br>(പ്രൊജക്ട് 508/21)<br>ഫയൽ നം.PW1/508/21 | ഡ്രൈനേജ് RCC അധികം നൽകി. [06/14.2.2022) | 8347/-<br>Rt.No.01/121010119202 Dt.22.2.2022<br>18600/-<br>Rt.No.01/121010119184 Dt.22.2.2022<br>10418/-<br>Rt.No.01/121010119185 Dt.22.2.2022 |
| 2 | 1) മനഴി സ്റ്റാന്റിന് മുൻവശം കാന നിർമ്മാണം<br>(പ്രൊജക്ട് 507/21)<br>ഫയൽ നം.PW1/507/21<br>2) മനഴി സ്റ്റാന്റിന് പിൻവശം കാന നിർമ്മാണം<br>(പ്രൊജക്ട് 508/21)<br>ഫയൽ നം.PW1/508/21 | Centering And Shuttering അധിക നിരക്ക് നൽകിയത്. [07/14.02.2022] | 26678/-<br>Rt.No.01/121010119186 Dt.22.2.2022<br>11000/-<br>Rt.No.01/121010119187 Dt.22.2.2022 |
| 3 | മനഴി സ്റ്റാന്റിന് മുൻവശം കാന നിർമ്മാണം<br>(പ്രൊജക്ട് 507/21)<br>ഫയൽ നം.PW1/507/21 | ഡ്രൈനേജിന് ഗ്രിൽ [08/17.01.2022] | 12868/-<br>Rt.No.01/121010119188 Dt.22.2.2022 |
| 4 | 1.മനപ്പടി കരിങ്കര പാടത്ത് സ്ളാബ്<br>(പ്രൊജക്ട് 214/21)<br>2.മൊട്ടക്കുന്ന് ഭാഗത്ത് പാടത്തിന്റെ സംരക്ഷണഭിത്തി നിർമ്മാണം<br>(പ്രൊജക്ട് 299/21) | DR Masonry അധിക നിരക്ക് നൽകിയത്<br>[09/17.01.2022] | 3328/-<br>Rt.No.01/121010118952 Dt.22.2.2022<br>10805<br>Rt.No.01/121010118953 Dt.22.2.2022 |
| 5 | 1.പുതിയ ഓഫീസ് കോംപ്ളക്സിൽ DTP സെന്റർ ഫ്ളോറിംഗ് | Floor Concretഅധികം | 2612<br>Rt.No.01/121010119189 Dt.22.2.2022 |

| | | | |
|---|---|---|---|
| | (പ്രൊജക്ട് -ഇല്ല)<br>ഫയൽ PW1/14260/20(2)<br>2)പുതിയ ഓഫീസ് കോംപ്ലക്സിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന ഷെഡ് നിർമ്മാണം | നൽകി.<br>[10/14.2.2022) | 4771<br>Rt.No.01/121010119190 Dt.22.2.2022 |
| 6 | ബയോശക്തി പ്ലാന്റ് പുനരുദ്ധാരണം(പ്രൊജക്ട് നം.93/21) | Tender Below കുറവ് ചെയ്യാത്തത്<br>[13/14.2.2022) | 23179/-<br>Rt.No.01/121010119199 Dt.22.2.2022 |
| 7 | 1.GHSS -ൽ താത്കാലിക ക്ലാസ് റൂം<br>ഫയൽ നം.PW1/12521/19<br>2)GHSS പെയിന്റിംഗ്(വിജയരാഘവൻ ബ്ളോക്ക്)<br>ഫയൽ നം.Pw1/1070/6/20 | കൺവീനർക്ക് ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം നൽകി. | 2485/-<br>Rt.No.01/121010119201 Dt.22.2.2022<br>2590/-<br>Rt.No.01/121010119200 Dt.22.2.2022 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, മൂല്യ നിർണ്ണയം നടത്തുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതും, മേലിൽ അധിക ചെലവുണ്ടാവുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് മേൽ പരിശോധന കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-31 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയതിൽ കുറവ്

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 44508രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്.എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്..

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| GHSപുനരുദ്ധാരണം ബ്ളോക്ക് I(106/21)<br>ഫയൽ നം.PC1 214/20-21<br>അടങ്കൽ-150000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>ബിൽ നം.20150347001800398568/6.8.20 | 1338945 (GST ഒഴിവാക്കിയ തുക) | 66947<br>(5%) | 33474<br>(2.5%) | 33473 |

| | | | | |
|---|---|---|---|---|
| തുക 1466145<br>അളവ് പുസ്തകം 351/19-20<br>കൺവീനർ ശ്രീ.വിനോദ്,ടി .കെ.എം HSST | | | | |
| കള്ളത്ത് LP സ്കൂൾ പുനരുദ്ധാരണം(203/21<br>ഫയൽ നം.PC1 203/20-21<br>അടങ്കൽ-500000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>ബിൽ നം.20150347001800933153/12.1.21 തുക 100000<br>അളവ് പുസ്തകം 550/19-20<br>കൺവീനർ ശ്രീ.അബ്ദുൾ അസീസ് .കെ.എം ഹെഡ്മാസ്റ്റർ | 441383.75 (GST ഒഴിവാക്കിയ തുക) | 22069 (5%) | 11034 (2.5%) | 11035 |

അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറിനം.11/14.2.2022, 14/16.2.2022 എന്നിവ നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.)

## <u>1-32 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തി -കൺവീനർക്ക് അധിക തുക നൽകി</u>

2020-21 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ GGHSപെരിന്തൽമണ്ണ പുനരുദ്ധാരണം എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ്നടപ്പിലാക്കിയിട്ടുള്ളത്.ആയതിന് 7.5% OH ആണ് അനുവദിക്കേണ്ടത് എങ്കിലും 15% CPOH ഉൾപ്പെടെയുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

GGHSപെരിന്തൽമണ്ണ പുനരുദ്ധാരണം

(പ്രൊജക്ട് നം.439/21)

ഫയൽ -PC1388/20

അടങ്കൽ-450000

ഫണ്ട്-മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം)

കൺവീനർ -ശ്രീമതി ശോഭ എം.എസ് ഹെഡ്മിസ്ട്രസ്

എം.ബുക്ക് 241/19-20

എഗ്രിമെന്റ് .150/19-20തി.20.2.20

ബിൽ നം.BRN 20150347001800971093/20.1.21

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് |
|---|---|---|
| 15.23.1<br>Dismantling Tile Work<br>117.045 M2 | 117.045x 41.35=4839.81 | 117.045x38.64<br>=4522.61 |
| 11.46.2<br>Providing Vitrified Tiles<br>266.519 M2 | 266.519x1487.79=396524.3 | 266.519x1391.05<br>=370741 |
| | ആകെ മൂല്യ നിർണ്ണയം 401364.11 | ആകെ മൂല്യ നിർണ്ണയം 375264.61 |

| | | |
|---|---|---|
| | 12% GST 48163.69<br>--------------<br>ആകെ 449528 (-)<br>OH 2.5% 10034<br>IT 2% 8027<br>Kcwwf 1% 4014<br>SGST 1% 4014<br>CGST 1% 4014<br>-------------------------------------<br>419425 | 12% GST 45031.63<br>--------------<br>ആകെ 420296 (-)<br>OH 5% 18763<br>IT 2% 7505<br>Kcwwf 1% 3752<br>SGST 1% 3752<br>CGST 1% 3752<br>-------------------------------------<br>382772 |
| അധികം | 36653 ( 419425- 382772) | |

അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം ഓഡിറ്റ് എൻക്വയറി 5 /14.2.2022 നൽകിയതിന് തുക തിരികെ അടവാക്കാൻ കൺവീനർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി

**1-33 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ച നൽകിയത് ക്രമ വിരുദ്ധം.**

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ച നൽകാൻ പാടില്ല. എന്നാൽ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% അനുവദിച്ച നൽകിയിട്ടുണ്ട്.

ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) - Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല. ആയത് കൊണ്ട് കൺവീനർമാർക്ക് ടാക്സ് അടവാക്കാൻ കഴിയില്ല. പ്രസ്തുത കൺവീനർമാർക്ക് മൂല്യ നിർണ്ണയത്തിന്റെ 12% തുക ജി.എസ്.ടി ഇനത്തിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | GST നൽകിയത് |
|---|---|---|---|
| 1 | സെൻട്രൽ സ്കൂൾ അഭിവൃദ്ധിപ്പെടുത്തൽ(197/21)<br>ഫയൽ നം.PC1 197/21<br>അടങ്കൽ-500000<br>ഫണ്ട് - ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 446401<br>12%GST 53568<br>-------------------------------<br>499969 | 53568 |

| | | | |
|---|---|---|---|
| | ബിൽ നം.20150347001800455096/21.8.20 തുക 479881<br>അളവ് പുസ്തകം 344/19-20<br>കൺവീനർ-ശ്രീമതി ബേബി ഗിരിജ | | |
| 2 | മണ്ടോടി സ്കൂൾ പുനരുദ്ധാരണം(205/21)<br>ഫയൽ നം.PC1 205/21<br>അടങ്കൽ-500000<br>ഫണ്ട് - ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)<br>ബിൽ നം.20150347001801260160/21.8.20 തുക 476967<br>അളവ് പുസ്തകം 64/20-21<br>കൺവീനർ-ശ്രീമതി ശോഭന കെ.എസ് | 443689.84<br>12%GST 53243.78<br>------------<br>496932.62 | 53244 |
| 3 | GHSSപുനരുദ്ധാരണം ബ്ളോക്ക് II(107/21)<br>ഫയൽ നം.PC1 218/20-21<br>അടങ്കൽ-150000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>ബിൽ നം.20150347001800055370 തുക 412455/11.4.20<br>ബിൽ നം.20150347001800055368 /11.4.20തുക 450000<br>ബിൽ നം.20150347001800055369/11.4.20തുക 450000<br>ബിൽ നം.20150347001800398831 /6.8.20തുക 127158<br>അളവ് പുസ്തകം 178/19-20<br>കൺവീനർ ശ്രീ.വിനോദ്,വി HSST | 1339175<br>12%GST 160701<br>-----------------------------<br>1499876 | 160701 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.15/17.2.2022 ന് അധികം നൽകിയ തുക അടവാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

## <u>1-34 നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം 2020-21 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പൊതു അപാകതകൾ</u>

**I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കിയില്ല**

2020-21വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 398പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 267 പ്രൊജക്ടുകളിലായി ആകെ 116787449 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 398 | ആകെ അടങ്കൽ | 386524928 |
| നടപ്പിലാക്കിയത് | 267 | ചെലവ് | 116787449 |
| | | | |

| | | | |
|---|---|---|---|
| ശതമാനം | 67.08 | ചെലവ് ശതമാനം | 30.21 |

മേൽ നൽകിയ വിവരങ്ങൾ നഗരസഭയുടെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്. എന്നാൽ തനതു ഫണ്ടിൽ നിന്നും പണം നൽകി വിവിധ മരാമത്ത് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കാതെയും ചെലവഴിച്ചിട്ടുണ്ട്.

**II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

നഗരസഭകളിൽ പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V ഇ ടെണ്ടർ ഒഴിവാക്കുന്നതിനായി ബോധപൂർവ്വമായി ശ്രമങ്ങൾ നടത്തുന്നു.

5 ലക്ഷവും അതിന് മുകളിലും അടങ്കൽ ഉള്ള പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന മാത്രമെ നടപ്പാക്കാവൂ എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ പദ്ധതി രൂപീകരണ തലം മുതൽ നഗരസഭയിൽ ഇ ടെണ്ടർ ഒഴിവാക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായി.
ഏതാനും കാര്യങ്ങൾ താഴെ നൽകുന്നു

1)അഞ്ച് ലക്ഷം എന്ന പരിധി കടക്കാതിരിക്കാൻ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ബോധപൂർവ്വമായ ശ്രമം ഉണ്ടാവുന്നുണ്ട്. 490000 മുതൽ 499900 വരെ അടങ്കലുള്ള 60 പ്രൊജക്ടുകളാണ് തൻവർഷം അംഗീകരിക്കപ്പെട്ടത്.

2)നഗരസഭ ഓഫീസ് കെട്ടിടത്തിലെ വിവിധ പ്രവൃത്തികൾ വിഭജിച്ച് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ വരുന്ന രീതിയിൽ തയ്യാറാക്കി ഇ ടെണ്ടർ ഒഴിവാക്കിയിട്ടുണ്ട് എന്നും വ്യക്തമായി. ഒരേ കരറുകാരൻ തന്നെയാണ് ഈ പ്രവൃത്തികൾ എല്ലാം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതും,ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവത്തി | അടങ്കൽ | ചെലവ് | ബിൽവൗച്ചർ നം./തിയ്യതി |
|---|---|---|---|---|
| 1 | സെക്രട്ടറി,കൗൺസിലർമാരുടെ റൂമുകളുടെ സീലിംഗും മറ്റ് അനുബന്ധ പ്രവൃത്തികളും (ഫയൽ നം.PW1-14367/20) | 499000 | 499000 | 54/11-20തി.24.11.20 |
| 2 | ചെയർമാൻ,സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ് ഫിനിഷിംഗ് വർക്ക് (ഫയൽ നം.PW1-14619/20) | 499000 | 499000 | 55/11-20തി.24.11.20 |
| 3 | ചെയർമാൻ റൂം പെയിന്റിംഗ്,സിറ്റിംഗ് ഏരിയ നവീകരണം (ഫയൽ നം.PW1-14369/20) | 497000 | 497000 | 74/10-20 തി.16.10.20 |
| 4 | കൗൺസിലേഴ്സ് റും പിൻവശം മറക്കൽ (ഫയൽ നം.PW1-14364/20) | 498000 | 498000 | 72/10-20 തി.16.10.20 |
| 5 | ഹെൽത്ത് സെക്ഷൻ പെയിന്റിംഗ് (ഫയൽ നം.PW1-14620/20) | 499000 | 496904 | 76/10-20 തി.16.10.20 |
| 6 | വലത് വശത്തെ സ്റ്റയറിംഗിലെ ഗ്രാനൈറ്റ് (ഫയൽ നം.PW1-14621/20) | 495000 | 493390 | 73/10-20തി.16.10.20 |
| 7 | ഇടത് വശത്തെ സ്റ്റയറിംഗിലെ ഗ്രാനൈറ്റ് | 490000 | 499000 | 77/10-20തി.16.10.20 |

| | | | | |
|---|---|---|---|---|
| | (ഫയൽ നം.PW1-14621/20(3) | | | |
| 8 | ടോയ് ലറ്റ് ബ്ളോക്ക് ഇടത് വശം (രണ്ടാം നില)പ്രൊജക്ട് നം 512/21 | 499000 | 499000 | 2015034700180078 4678/27.11.20 |
| 9 | ടോയ് ലറ്റ് ബ്ളോക്ക് വലത് വശം (രണ്ടാം നില)പ്രൊജക്ട് നം 511/21 | 499000 | 496013 | 2015034700180129 9074/19.3.21 |
| 10 | ടോയ് ലറ്റ്അബ്ളോക്ക് വലത് വശം (ഒന്നാം നില)പ്രൊജക്ട് നം 510/21 | 499000 | 499998 | 2015034700180073 6392/15.11.20 |

VI. നിർമ്മാണ തൊഴിലാളി ക്ഷേമനിധി കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ നഗരസഭക്ക് ഈടാക്കാവുന്നതാണ്.എന്നാൽ ഈ ഇനത്തിൽ നഗരസഭ തുക ഈടാക്കിയതായി കാണുന്നില്ല. മരാമത്ത് ബില്ലുകൾ പാസ്സാക്കുന്നതോടൊപ്പം തന്നെ നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതോടൊപ്പം ഈയിനത്തിലുള്ള തുക നഗരസഭ ഫണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന തരത്തിൽ നഗരസഭക്ക് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നു.

നഗരസഭയിൽ തനത് ഫണ്ട് വിനിയോഗിച്ചുള്ള മിക്ക മരാമത്ത് പ്രവൃത്തികളും പ്രൊജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 13-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തനത് ഫണ്ട് വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. മിച്ച തനത്ഫണ്ടിന്റെ 25 ശതമാനം വിനിയോഗിച്ച് അടിയന്തിര സ്വഭാവമുള്ള മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മാത്രമാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്.

വാർഡ് സഭ, വർക്കിങ്ങ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ രൂപീകരിക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അംഗീകാരം നേടി നടപ്പിലാക്കേണ്ടതാണ് ഇത്തരം പ്രവൃത്തികൾ എന്ന് സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെയർമാനും കൗൺസിലർമാരും നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിൽ ഭരണാനുമതി നൽകുകയും എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്. പെറ്റി വർക്കുകളും അടിയന്തിര പ്രവൃത്തികളും ഒഴിവാക്കിയാൽ തന്നെ ഓഡിറ്റ് വർഷം ആകെ 38 പ്രവൃത്തികൾക്കായി 153283173 രൂപ ഇത്തരത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിങ്, ടാറിങ് പ്രവൃത്തികളും ബസ്റ്റാന്റ് നിർമ്മാണം, ടൗൺഹാൾ നിർമ്മാണം, ആയുർവ്വേദാശുപത്രി നിർമ്മാണം തുടങ്ങിയ വൻ തുക ചെലവ് വരുന്ന പ്രൊജക്ടുകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഈ പ്രവൃത്തികളെല്ലാം തന്നെ ആവശ്യമായ സമയം നൽകി ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയല്ല എന്ന് വ്യക്തമാക്കുന്നു.

ഓഡിറ്റ് വർഷം പദ്ധതിയുടെ ഭാഗമാക്കാതെ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | തുക | വൗച്ചർ നം./ തിയ്യതി |
|---|---|---|---|
| 1 | സെക്രട്ടറി,കൗൺസിലർമാരുടെ റൂമുകളുടെ സീലിംഗും മറ്റ് അനുബന്ധ പ്രവൃത്തികളും (ഫയൽ നം.PW1-14367/20) | 499000 | 54/11-20തി.24.11.20 |
| 2 | നഗരസഭാകെട്ടിടത്തിന്റെ ഫ്രണ്ട് എൻട്രി | 475000 | 59/11-20തി.24.11.20 |

| | | | |
|---|---|---|---|
| | ഫ്ളോറിംഗ്<br>(ഫയൽ നം.PW1-14620/20) | | |
| 3 | ചെയർമാൻ,സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ് ഫിനിഷിംഗ് വർക്സ്<br>(ഫയൽ നം.PW1-14619/20) | 499000 | 55/11-20തി.24.11.20 |
| 4 | ചെയർമാൻ റൂം പെയിന്റിംഗ്,സിറ്റിംഗ് ഏരിയ നവീകരണം<br>(ഫയൽ നം.PW1-14369/20) | 497000 | 74/10-20<br>തി.16.10.20 |
| 5 | കൗൺസിലേഴ്സ് റൂം പിൻവശം മറക്കൽ<br>(ഫയൽ നം.PW1-14364/20) | 498000 | 72/10-20<br>തി.16.10.20 |
| 6 | ഹെൽത്ത് സെക്ഷൻ പെയിന്റിംഗ്<br>(ഫയൽ നം.PW1-14620/20) | 496904 | 76/10-20<br>തി.16.10.20 |
| 7 | വലത് വശത്തെ സ്റ്റയറിംഗിലെ ഗ്രാനൈറ്റ്<br>(ഫയൽ നം.PW1-14621/20) | 493390 | 73/10-20തി.16.10.20 |
| 8 | ജനറൽ സെക്ഷൻ പെയിന്റിംഗ്<br>(ഫയൽ നം.PW1-14620/20(3) | 479999 | 71/10-20<br>തി.16.10.20 |
| 9 | റവന്യൂ സെക്ഷൻ പെയിന്റിംഗ്<br>(ഫയൽ നം.PW1-14620/20(4) | 489993 | 75/10-20<br>തി.16.10.20 |
| 10 | കൗൺസിലേഴ്സ് റൂം പെയിന്റിംഗ്<br>(ഫയൽ നം.PW1-14619/20(1) | 475000 | 57/10-20<br>തി.24.11..20 |
| 11 | ഹോമിയോ ഡിസ്പെൻസറി മാറ്റി സ്ഥാപിക്കൽ<br>(ഫയൽ നം.PW1-3300/20 | 410000 | 68/6-20<br>തി.24.6.20 |
| 12 | ഇടത് വശത്തെ സ്റ്റയറിംഗിലെ ഗ്രാനൈറ്റ്<br>(ഫയൽ നം.PW1-14621/20(3) | 499000 | 77/10-20തി.16.10.20 |
| 13 | വയോമിത്രം മെഡിക്കൽ ക്ളിനിക് മാറ്റി സ്ഥാപിക്കൽ<br>(ഫയൽ നം.PW1-3320/20) | 440000 | 69/6-20തി.24.6.20 |
| 14 | ലൈഫ് മിഷൻ ഫ്ളാറ്റിന് സംരക്ഷണ ഭിത്തി<br>(ഫയൽ നം.PW1-19386/19) | 49500 | 47/08-20തി.10.8.20 |
| 15 | ലൈഫ് മിഷൻ ഫ്ളാറ്റ് റോഡ്<br>(ഫയൽ നം.PW1-14582/19) | 500000 | 50/12-20<br>തി.23.12.20 |
| 16 | ലൈഫ് ഫ്ളാറ്റ് സമുച്ചയം ബ്ളോക്ക് 26 റീടെൻഷൻ വാൾ<br>(ഫയൽ നം.PW1-10315/20) | 495000 | 80/10-<br>20തി.16.10.20 |
| 17 | ലൈഫ് ഫ്ളാറ്റ് സമുച്ചയം ബ്ളോക്ക് 28 റീടെൻഷൻ വാൾ<br>(ഫയൽ നം.PW1-10312/20) | 495000 | 62/10-20തി.13.10.20 |
| 18 | ലൈഫ് ഫ്ളാറ്റ് സമുച്ചയം ബ്ളോക്ക് 27 റീടെൻഷൻ വാൾ<br>(ഫയൽ നം.PW1-10280/20) | 470783 | 24/11-20തി.5.11.20 |
| 19 | ലൈഫ് ഫ്ളാറ്റ് ബ്ളോക്ക് 14,15 ലേക്കുള്ള റോഡ് നിർമ്മാണം | 498000 | 41/09-<br>20തി.22.09.20 |

| | | | |
|---|---|---|---|
| | (ഫയൽ നം.PW1-2556/20) | | |
| 20 | ആയിഷ ജംഗ്ഷൻ മുതൽ സുന്നിമഹൽ വരെ റോഡ്<br>(ഫയൽ നം.PW1-10163/19) | 1689060 | 4/7-20തി.1.7.20 |
| 21 | ലൈഫ് ഫ്ളാറ്റ് സമുച്ചയം ബ്ളോക്ക് 26 റീ ടെൻഷൻ വാൾ<br>(ഫയൽ നം.PW1-10329/20) | 493889 | 81/10-20തി.16.10.20 |
| 22 | പൂട്ടാട കരിങ്കര നീർച്ചാൽ നിർമ്മാണം<br>(ഫയൽ നം.PW1-10534/20) | 424284 | 50/10-20 തി.13.10.20 |
| 23 | അർബൻ പി.എച്ച് .സി പുതിയ കെട്ടിടം പൂർത്തീകരണം<br>(ഫയൽ നം.PW1-23004/19) | 192000 | 19/12-20 തി .4.12.20 |
| 24 | ഡോ.കിരൺ റോഡ് പൂർത്തീകരണം<br>(ഫയൽ നം.PW1-9503/20) | 192000 | 87/11-20 തി.24.11.20 |
| 25 | കുന്നംപുറം കോളനി സംരക്ഷണഭിത്തി പൂർത്തീകരണം<br>(ഫയൽ നം.PW1-14775/20) | 418173 | 77/11-20 തി.24.11.20 |
| 26 | PW1-15362/19 സാന്ത്വനം കെട്ടിട നിർമാണം FRBL ന് അഡ്വാൻസ് നൽകിയത് | 5000000 | 31-5-20/5.5.20 |
| | | 1500000 | 34/09-20/11.9.20 |
| | | 2500000 | 45/10-20/9.10.20 |
| | | 2000000 | 88/08-20/26.8.20 |
| 27 | PW1-12109/20 സിസിടിവി ഇൻസ്റ്റാലേഷൻ-മുനിസിപ്പാലിറ്റി ഓഫീസ് | 202148 | 39/07-20/8.7.20 |
| 28 | കള്ളത്ത് നമ്പ്യാർപടി സൈഡ് മതിൽ<br>(ഫയൽ നം.PC1-343/19) | 151860 | 47/07-20/13.7.20 |
| 29 | ഹെൽത്ത് സെന്റർ-FRBL ന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>(ഫയൽ നം.PW1-305/18) | 2000000 | 63/07-20/17.7.20 |
| 30 | ടൗൺ ഹാൾ നിർമാണം -പാർട്ട് ബിൽ FRBL ന് നൽകിയത്<br>(ഫയൽ നം.PW1-13921/19) | 4410415<br>400000 | 63/08-20/20.8.20<br>37/10-20//8.10.20 |
| 31 | മുനിസിപ്പാലിറ്റി ഓഫീസ് -ആധുനികവത്കരണം<br>(ഫയൽ നം.PW1-1876//20) | 1000000 | 92/08-20//27.8.20 |
| 32 | ലൈൻ എക്സ്റ്റൻഷൻ- ലൈഫ് -KSEBക്ക് നൽകിയത്<br>(ഫയൽ നം.PW2-12737/20) | 3462971 | 14/09-20/8.9.20 |
| 33 | വൈദ്യുതീകരണം-മുനിസിപ്പാലിറ്റി ഓഫീസ്(ഫയൽ നം.PW1-8344/19) | 3754564 | 58/09-20/23.9.20 |
| 34 | മുനിസിപ്പാലിറ്റി ഓഫീസ്- രണ്ടാം നില ലോബി<br>(ഫയൽ നം.PW1-14336/20) | 498000 | 106/10-20/22.10.20 |
| 35 | മുനിസിപ്പാലിറ്റി ഓഫീസ്- എഞ്ചിനീയറിംഗ് സെക്ഷൻ പെയിന്റിംഗ് ലോബി | 495444 | 107/10-20/22.10.20 |

| | | | |
|---|---|---|---|
| | (ഫയൽ നം.PW1-14332/20) | | |
| 36 | പെരിന്തൽമണ്ണ നഗരസഭയുടെ മനഴി സ്റ്റാന്റിലെ പുതിയ കൗൺസിൽ ഹാളിലേക്ക് ഫർണിച്ചർ,എയർകണ്ടീഷൻ,സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കൽ<br>PW2-15437/2020 | 8346645 | 94/11-20തി.7.11.20 |
| 37 | നഗരസഭയുടെ പുതിയ ഓഫീസിലേക്ക് ഫർണിച്ചർ ലഭ്യമാക്കൽ<br>PW2 11587/2020 | 1079068 | 16/9-20തി.8.9.20 |
| | | 985070 | 17/9-20തി.8.9.20 |
| | | 1252726 | 19/9-20തി.8.9.20 |
| | | 347638 | 18/9-20തി.8.9.20 |
| | | 1306675 | 34/10-20തി.7.10.20 |
| | | 753471 | 88/10-20തി.19.10.20 |
| | | 1428300 | 33/10-20തി.7.10.20 |
| | | 717560 | 86/10-20തി.19.10.20 |
| | | 972436 | 87/10-20തി.19.10.20 |
| | | 975866 | 32/10-20തി.7.10.20 |
| | | 2979215 | 34/10-20തി.11.11..20 |
| 38 | ബസ്റ്റാന്റ് നിർമ്മാണം<br>PW1/4771/03 | 10000000 | 32/05-20 തി.5.5.20 |
| | | 26250000 | 8A/07-20തി.2.7.20 |
| | | 10000000 | 62/07/20തി.17.7.20 |
| | | 2500000 | 64/08-20തി.21.8.20 |
| | | 15576841 | 91/08-20തി.27.8.20 |
| | | 5850006 | 15/9-20തി.8.9.20 |
| | | 10000000 | 5/12-20തി.1.12.20 |
| | | 12500000 | 82/03-21തി.26.3.21 |
| | | 316279 | 86/03-21തി.30.3.21 |
| | | 153283173 | 0 |

ആവശ്യമായ ഫണ്ട് വകയിരുത്താതെയും ഫണ്ടിന്റെ ലഭ്യത പരിശോധന വിധേയമാക്കാതെയും വൻ തുക ചെലവ് വരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ നിർവ്വഹണ ഏജൻസികൾക്ക് പണം നൽകാനാവാതെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. അത്യന്തം ഗൗരവമർഹിക്കുന്ന മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു. പദ്ധതിയുടെ ഭാഗമാക്കാതെ പ്രവത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 34/ 22.2.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 153283173 രൂപ തടസ്സം ചെയ്യുന്നു.

## 1-36 PMAYഭവന നിർമ്മാണം- ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യ നിർമ്മാർജന സെൽ നിർവ്വഹണം നടത്തിയ PMAYഭവന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നാം ഗഡു ആനുകൂല്യം കൈപ്പറ്റുകയും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഒന്നാം ഗഡു നൽകിയ ചെക്ക് നം. തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ജയരാജൻ, പെരുമ്പുള്ളി, പൊന്ന്യാകുർശി, വാർഡ്-9 | 40000/- , 000807/25.03.19 |
| 2 | സഫിയ, ചെറുകുന്നത്ത്, വാർഡ്-17 | 40000/- , 000797/22.10.18 |
| 3 | ഫാത്തിമ നിഹാല, വടക്കേതിൽ, കളത്തിനക്കര, വാർഡ്-22 | 40000/- , 000840/12.05.20 |
| 4 | അനിൽ, മുണ്ടക്കോട്ടിൽ, വാർഡ്- 33 | 40000/- , 000835/18.02.20 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാത്ത ഭവനങ്ങൾ സംബന്ധിച്ച് നഗരസഭാ കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രാദേശിക സമിതി രൂപീകരിച്ച് വീട് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/20-21/22.02.22) മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-37 ആധുനിക ടൗൺ ഹാൾ - നിർമ്മാണം പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നു</u>

ഫയൽ നമ്പർ- Pw1-13921/19

നഗരസഭയുടെ രജതജൂബിലി മിഷൻ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള നഗരസഭ ടൗൺഹാൾ ആധുനിക സൗകര്യങ്ങളോട് കൂടി പുതുക്കിപ്പണിയുന്നതിന് തീരുമാനിക്കുകയും കേന്ദ്ര പൊതുമേഖല സ്ഥാപനമായFRBL (Fact-RCF Building Ltd), Kochi എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിന് നഗരസഭ തീരുമാനിക്കുകയും ചെയ്തു (CR No. 35/27.2.2019) . FRBLന്റെ 4,99,00000 രൂപ ( 6% PMC അടക്കം) പ്രൊജക്ട് കോസ്റ്റ് വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥാപനത്തിന് 1.8.2019 ലെ Pw1-13921/19 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും സ്ഥാപനം നഗരസഭയുമായി 1.8.2019 ന് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു. എഗ്രിമെൻറിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള നഗരസഭാ ടൗൺഹാൾ സ്ഥലം പ്രവൃത്തി നടത്തുന്നതിനായി അന്നേ ദിവസം തന്നെ നഗരസഭ നിർവ്വഹണ ഏജൻസിക്ക് കൈമാറുകയും ചെയ്തു. നഗരസഭയുമായി ചമച്ച കരാർ പ്രകാരം FRBL ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ച് നഗരസഭയ്ക്ക് കൈമാറണം. എന്നാൽ കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂ ലംപ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും പൂർത്തീകരണ കാലാവധി 31.7.2020 ൽ നിന്ന് 31.1.2021 വരെ നീട്ടി നൽകണമെന്ന് FRBL/2019-20/PMC/105/PM/11, തി-6.11.2020 പ്രകാരം FRBL അപേക്ഷിച്ചതിനെ തുടർന്ന് 21.1.2021 ലെ 21ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പൂർത്തീകരണ കാലാവധി 31.1.2021 വരെ നീട്ടി നൽകിയിരുന്നു. എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും FRBL ടൗൺഹാൾ നിർമ്മാണത്തിന്റെ സ്ട്രക്ചർ വർക്ക് പോലും പൂർത്തീകരിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ FRBL നാളിതു വരെ മൊബിലൈസേഷൻ മുൻകൂർ ഇനത്തിൽ നികുതികള് ഉൾപ്പെടെ 1,99,10,415 രൂപ നഗരസഭയിൽ നിന്നും കൈപറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 000044/20.1.2020 | 1 കോടി |
| 2 | 000006/20.8.20 | 44,10,415 |
| 3 | 000100/ 8.10.2020 | 40,00000 |
| 4 | 000179/ 10.5.2021 | 5,00000 |
| 5 | 000185/ 3.9.2021 | 5,00000 |
| 6 | 062003/16.12.2021 | 5,00000 |
| | ആകെ | 1,99,10,415 |

അഡ്വാൻസ് കൈപറ്റി നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 25/2020-21/21.2.2022 നുള്ള മറുപടിയിൽ തനത് ഫണ്ടിന്റെ അവസ്ഥ വളരെ പരിതാപകരമായതിനാൽ നിർവ്വഹണ ഏജൻസിക്ക് ഫണ്ട് കൈമാറാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ലെന്നും തനത് ഫണ്ട് നില മെച്ചപ്പെടുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിക്ക് തുക നൽകി പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. ഫണ്ടിന്റെ ലഭ്യതയെക്കുറിച്ച് വ്യക്തമായ പഠനമോ ആസൂത്രണമോ ഇല്ലാതെയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി മതിയായ ഫണ്ട് വകയിരുത്താതെയും പ്രവൃത്തി നടപ്പാക്കിയതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാനാവാത്ത ഈ അവസ്ഥ സംജാതമായിട്ടുള്ളതെന്ന് വ്യക്തമാണ്. പ്രവൃത്തി പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നതിന് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം മുടങ്ങിക്കിടക്കുന്നു.

ഫയൽ നമ്പർ- Pw1-15394/20

നഗരസഭയിലെ ഗവ.ആയുർവ്വേദ ആശുപത്രിക്ക് നേഷണൽ ഹെൽത്ത് മിഷൻ (ആയുഷ് ) ഫണ്ടുപയോഗിച്ച് നഗരസഭയുടെ പഴയ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ആധുനിക രീതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും കേന്ദ്ര പൊതുമേഖല സ്ഥാപനമായFRBL (Fact-RCF Building Ltd), Kochi എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. FRBLന്റെ 4,10,57,500 രൂപ പ്രൊജക്ട് കോസ്റ്റ് വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും ചെയ്തു. (കൗൺസിൽ തീരുമാനം-46/29.11.2019). സ്ഥാപനം നഗരസഭയുമായി 5.9.2019 ന് എഗ്രിമെന്റ് വെച്ചതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിന് 23.12.2019 ലെ Pw1-1305/18 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും സ്ഥലം പ്രവൃത്തി നടത്തുന്നതിനായി അന്നേ ദിവസം കൈമാറുകയും ചെയ്തു. നഗരസഭയുമായി ചമച്ച കരാർ പ്രകാരം FRBL ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ച് നഗരസഭയ്ക്ക് കൈമാറണം. എന്നാൽ കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും പൂർത്തീകരണ കാലാവധി 22.12.2020 ൽ നിന്ന് 31.1.2021 വരെ നീട്ടി നൽകണമെന്ന് FRBL/2019-20/PMC/110/PM/12, തി-6.11.2020 പ്രകാരം FRBL അപേക്ഷിച്ചതിനെ തുടർന്ന് 21.1.2021 ലെ 23ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പൂർത്തീകരണ കാലാവധി 31.1.2021 വരെ നീട്ടി നൽകിയിരുന്നു. എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും FRBL ആശുപത്രിയുടെ സ്ട്രക്ചർ വർക്ക് പോലും പൂർത്തീകരിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ FRBL നാളിതു വരെ മൊബിലൈസേഷൻ മുൻകൂർ ഇനത്തിൽ നികുതികൾ ഉൾപ്പെടെ 21 ലക്ഷം രൂപ നഗരസഭയിൽ നിന്നും കൈപറ്റിയിട്ടുണ്ട്. (ചെക്ക് നമ്പർ- 498813/17.7.20) അഡ്വാൻസ് കൈപറ്റി നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -33/2020-21/22.2.22 നുള്ള മറുപടിയിൽ ആയുഷ് മിഷൻ ഫണ്ട് ലഭ്യാമാകാൻ വൈകിയതിനാലും തനത് ഫണ്ടിന്റെ അവസ്ഥ വളരെ പരിതാപകരമായതിനാലും ഏജൻസിക്ക് പണം നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ലെന്നും ഇക്കാരണത്താലാണ് പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയുഷ് ഫണ്ട് 75 ലക്ഷം രൂപയാണ് മേൽ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ളത്. ബാക്കി ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് ഫയലിൽ വ്യക്തമാക്കുന്നുമില്ല. ഫണ്ടിന്റെ ലഭ്യതയെക്കുറിച്ച് വ്യക്തമായ പഠനമോ ആസൂത്രണമോ ഇല്ലാതെയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി മതിയായ ഫണ്ട് വകയിരുത്താതെയും പ്രവൃത്തി നടപ്പാക്കിയതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാനാവാത്ത ഈ അവസ്ഥ സംജാതമായിട്ടുള്ളതെന്ന് വ്യക്തമാണ്. പ്രവൃത്തി പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 പദ്ധതി രൂപീകരണം- വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമാനുസൃത കടമകൾ നിർവ്വഹിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ പദ്ധതി രൂപീകരണം, നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട മിനുട്സുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ കാണപ്പെട്ടു.

**1. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.**

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഉണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകള് ശേഖരിക്കുക , സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കൽ, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ വർക്കിംഗ്ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതിയുടെ ആരംഭത്തിൽ ഒരു യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു എന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്രിയമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു.

**2. സ്റ്റാന്റിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കുന്നില്ല.**

വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുന്നതിലും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടില്ലെന്ന് കാണുന്നു. സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളിലൊന്നിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകളോ തീരുമാനങ്ങളോ കൈകൊണ്ടിട്ടില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിലും പദ്ധതികളുണ്ടാക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികളുടെ കൃത്യമായ മേൽനോട്ടമാവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘാടനം, കുറ്റമറ്റ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ മേൽനോട്ടം , സ്റ്റാറ്റസ് റിപ്പോർട്ടുകൾ അംഗീകരിക്കൽ, കീഴിൽ വരുന്ന മേഖലകളിലെ പ്രോജക്റ്റുകൾ പരിശോധിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്യൽ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗങ്ങൾ ചേരുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തൽ ,അംഗീകരിച്ച പ്രോജക്റ്റുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ, മോണിറ്ററിംഗ് തുടങ്ങിയ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഇടപെടലും മേൽനോട്ടവും കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഇക്കാര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

A). ഭരണപരമായ ചുമതല നിർവ്വഹിക്കുന്നതിൽ സ്ഥിരം സമിതികളുടെ ശക്തമായ ഇടപെടലുകളും മേൽനോട്ടവും ഉണ്ടാവേണ്ടതാണ്.

B). വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ച് ചേർക്കുകയും പ്രോജക്റ്റ് രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് സ്ഥിരം സമിതികൾ ഉറപ്പ് വരുത്തേണ്ടതാണ്.

C). വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്റ്റുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ ഫലപ്രദമാവേണ്ടതാണ്.

D). ഓരോ പ്രോജക്റ്റുകളെ കുറിച്ചും പ്രത്യേകമായി വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തേണ്ടതാണ്. പ്രത്യേകിച്ച് നിർവഹണം ആരംഭിച്ചിട്ടില്ലാത്ത / നിർവഹണ പുരോഗതിയില്ലാത്ത പ്രോജക്റ്റുകളുടെ കാര്യത്തിൽ വിശകലനം നടത്തേണ്ടതാണ്. പ്രോജക്റ്റുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തേണ്ടതുണ്ട്.

വർക്കിംഗ്ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മറ്റികളും നിയമപരമായ കടമകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-40 പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല എന്ന് കാണുന്നു.

**പ്രവൃത്തി പൂർത്തീകരണ കാലയളവ്**

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. 100, 200 മീറ്റർ നീളത്തിൽ റോഡ് ടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് ചില റോഡ് പ്രവൃത്തികളിൽ ഒരു വർഷത്തെ പൂർത്തീകരണ കാലയളവ് നൽകിയിട്ടുണ്ട്.

**പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.**

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

കരാറുകാരുമായുള്ള കരാർ കരാർ പത്രത്തിൽ 2012 ലെ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി കരാർ പത്രം പരിഷ്കരിക്കേണ്ടതും മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം. പേര് | 291/20-21 യുവമിത്ര പദ്ധതി-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | 303/20-21(So) യുവമിത്ര പദ്ധതി-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ |
| ചെലവ് തുക | 251845 (വികസനഫണ്ട്-Scp) | 363248 (വികസനഫണ്ട്-Scp) |
| ബിൽ നം. തീയതി | 40/11.04.20 | 04/11.04.20 |
| ഓർഡർ ചെയ്ത ലാപ്ടോപുകളുടെ എണ്ണം | 11 | 16 |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി ഓർഡർ നൽകുകയും സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള മേൽ പറഞ്ഞ ചെലവ് തുകകൾ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ ഇവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ ഇൻവോയിസ്/ബിൽ , സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 ലൈഫ് മിഷൻ സ്നേഹ ഭവനം - ഭൂരഹിതർക്ക് ഫ്ലാറ്റ് സമുച്ചയം - അവലോകനം

400 കുടുംബങ്ങൾക്ക് വീടെന്ന സ്വപ്നത്തിന് ജീവനേകി പെരിന്തൽമണ്ണ നഗരസഭയുടെ എരവിമംഗലം ഒടിയൻ ചോലയിലെ 6.87 ഏക്കറിലാണ് ലൈഫ് ഭവനസമുച്ചയം നിർമ്മാണം പൂർത്തിയായി വരുന്നത് .മൂന്ന് നിലകളിലായി 12 വീതം വീടുകളുള്ള 34 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ സഹായത്തോടെ ഭൂരഹിതരായ 400 പേർക്ക് ജനകീയ- കുടുംബശ്രീ പങ്കാളിത്തം സംയോജിപ്പിച്ച് ഭവന സമുച്ചയ നിർമ്മാണത്തിന് 04.12.2018 ന് ചേർന്ന നഗരസഭാ കൌൺസിൽ തീരുമാന പ്രകാരം മാർഗരേഖ അംഗീകരിക്കുകയും, ടി മാർഗരേഖ പ്രകാരം നിർവ്വഹണം പൂർത്തിയാക്കാൻ 13.03.2019 ന് ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നത തല യോഗത്തിൽ ധാരണയാവുകയും ചെയ്തു. ഭവന സമുച്ചയത്തിന് 44 കോടി രൂപ നിർമ്മാണ ചെലവ് വരുന്നതിൽ ലൈഫ് മിഷൻ നൽകുന്ന 20 കോടി രൂപയും, പി എം എ വൈ - എ എച്ച് പി വിഹിതമായ 6 കോടി രൂപയും, തൊഴിലുറപ്പ് വിഹിതം 1 കോടി 47 ലക്ഷം രൂപയും, ശുചിത്വമിഷൻ വിഹിതം 56 ലക്ഷം രൂപയും, ഗുണഭോക്തൃ വിഹിതം 2 കോടി രൂപയും, വിവിധ സ്രോതസിൽ നിന്നുള്ള സംഭാവനകൾ 13 കോടി 97 ലക്ഷം രൂപയും ഏകോപിപ്പിച്ചാണ് പദ്ധതികൾക്കാവശ്യമായ ധനസമാഹരണം നടത്തുന്നത്.

ഭവന സമുച്ചയത്തിനുള്ള 6.87 ഏക്കർ സ്ഥലത്തിന്റെ ഡെവലപ്പ്മെന്റ് പെർമിറ്റ് ഡി ടി പി യിൽ നിന്നും അപ്രൂവൽ വാങ്ങിയിട്ടുണ്ട്. ഭവന സമുച്ചയത്തിന്റെ ഓരോ യൂണിറ്റിന്റെയും, എ യു എസ് കൺസോർഷ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് , സാങ്കേതിക മികവ്, നിർമ്മാണ ഘട്ടത്തിലെ സാങ്കേതിക പരിശോധന , മോണിറ്ററിംഗ് എന്നിവക്കായി സർക്കാർ ഉത്തരവ് .1520/2019/ എൽ എസ് ജി ഡി തി: 19.07.2019 പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രണ്ട് ബെഡ് റൂം, ഒരു അടുക്കള, രണ്ട് ടോയ് ലറ്റ് , ഒരു ഹാൾ എന്നിങ്ങനെ സൌകര്യമുള്ള 599 സ്ക്വയർ ഫീറ്റാണ് ഒരു ഭവനം.

തിരഞ്ഞെടുക്കപ്പെട്ട 400 ഗുണഭോക്താക്കളുടെയും സംഗമം നടത്തി ഓരോ അപ്പാർട്ട്മെന്റ് തലത്തിലും 12 അംഗ ഗുണഭോക്തൃസമിതിയെ തിരഞ്ഞെടുക്കുകയും, ഗുണഭോക്താക്കളുടെ നേരിട്ടുള്ള പങ്കാളിത്തത്തോടെയാണ് നിർമ്മാണം

പൂർത്തിയാക്കുന്നത്.

ഭവന സമുച്ചയത്തോടൊപ്പം ഈ വീടുകൾക്കാവശ്യമായ കുടിവെള്ള പദ്ധതി, വൈദ്യുതി ലൈൻ, കമ്മ്യൂണിറ്റി ഹാൾ, കോമേഴ്സ്യൽ ഷോപ്പുകൾ, തൊഴിൽ പരിശീലന കേന്ദ്രം, കളിസ്ഥലം, വിശ്രമ കേന്ദ്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ആധുനിക ഭവനസമുച്ചയമാക്കുന്നതിനുള്ള പദ്ധതികൾ കൂടി നഗരസഭ ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ വികലാംഗർക്കായി റാംപുകൾ സ്ഥാപിക്കുന്നതിനും ഹെൽത്ത് സെന്റർ അനുവദിക്കുന്നതിനും നടപടികളുണ്ടാവേണ്ടതുണ്ട്. ഫ്ലാറ്റിലേക്കാവശ്യമായ അഗ്നി സുരക്ഷാ സൌകര്യങ്ങൾ ഒരുക്കുകയും ജൈവ- അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമുണ്ട്.

നഗരസഭയിലെ ഭൂമിയും, വീടുമില്ലാത്ത നിരാലംബരായ 400 പേർക്ക് ഭവനവും, ജീവിത ഉപാധികളും ഒരു കുടക്കീഴിലൊരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഇത്തരം മാതൃകാപരമായ പദ്ധതികൾ സഹായകരമാകും.

## 1-43 ഖര മാലിന്യ സംസ്കരണ സംവിധാനം- അവലോകനം

1. ജീവനം സൊല്യൂഷൻസ്ിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

പെരിന്തൽമണ്ണ നഗരസഭയിലെ മാലിന്യ ശേഖരണ സംസ്കരണ സംവിധാനം കുടുംബശ്രീ യൂണിറ്റായ "ജീവനം സൊല്യൂഷൻസ്" എന്ന യൂണിറ്റിനെയാണ് 5 വർഷ കാലയളവിലേക്ക് ഏൽപിച്ചിട്ടുള്ളത്. എന്നാൽ ടി- യൂണിറ്റ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നത് തരം തിരിക്കാതെയാണ്. ഇക്കാരണത്താൽ പ്ലാന്റിലെ എം.ആർ.എഫ് സെന്ററിൽ മാലിന്യങ്ങൾ നിറഞ്ഞ് കുമ്പാരമായ അവസ്ഥയിലാണുള്ളതെന്ന് 19.2.22 ന് ഓഡിറ്റ് ടീം പ്ലാന്റ് സന്ദർശിച്ചപ്പോൾ കാണാനിടയായി. ഇതേ അവസ്ഥയിൽ പ്ലാന്റിൽ മുമ്പ് തീപിടിത്തം ഉണ്ടായിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജീവനം വളണ്ടിയർമാർ എഗ്രിമെന്റ് വ്യവസ്ഥകൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷണവിധേയമാക്കേണ്ടതാണ്.

**2. ബയോശക്തി- ബയോഗ്യാസ് പ്ലാന്റ് - പ്രവർത്തനം വിലയിരുത്തേണ്ടതാണ്.**

"ബയോശക്തി ബയോ ഊർജ്ജം" എന്ന ശുചിത്വ മിഷൻ അംഗീകരിച്ച ടെക്നോളജി പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റ് ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാവായ ജി.പി.എസ്.റിന്യൂവബിൾസ്പ്രൈ. ലിമിറ്റഡ് ,ബേങ്കളൂർ എന്ന സ്ഥാപനം മുഖേന സ്ഥാപിച്ചിട്ടുണ്ട്. ദിവസേന 2 മെട്രിക് ടൺ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോ ഗ്യാസിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിച്ചിട്ടുള്ളത്. പ്ലാന്റ് മേൽ സ്ഥാപനം കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ പ്രതിദിനം 300 കി.ഗ്രാം ഖരമാലിന്യം മാത്രമേ പ്ലാന്റിലേക്ക് എത്തുന്നുള്ളുവെന്നും ആയതിനാൽ അതിനനുസരിച്ചുള്ള വൈദ്യുതി മാത്രമാണ് ഉത്പാപ്പിദിക്കുന്നുള്ളുവെന്നും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഉപയോഗപ്പെടുത്തുന്നില്ലെന്നും മലപ്പുറം ജില്ലാ ശുചിത്വ മിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ മാലിന്യം ലഭ്യമാകാത്തതും പ്ലാന്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപയോഗം സംബന്ധിച്ചും നഗരസഭ കൃത്യമായ വിലയിരുത്തൽ നടത്തിയിട്ടില്ല. പ്ലാന്റിൽ ഉദ്പാദിപ്പിക്കുന്ന വൈദ്യുതി,ആയതുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിന് 3.2.21 ന് നഗരസഭ എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ വിംഗ്,എൽ.എസ്.ജി.ഡി, മലപ്പുറം നോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. Actual Plant Capacity ക്ക് അനുസൃതമായി ആവശ്യമുള്ളത്ര മാലിന്യം ലഭ്യമാക്കുന്നതിനും പ്ലാന്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും അടിയന്തിര നടപടി നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ അനുമതി ഉത്തരവിലും കരാർ ഉടമ്പടിയിലും ആദ്യ 5 വർഷത്തെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് സംബന്ധിച്ച് കൃത്യമായ വ്യവസ്ഥയുള്ളതാണ്. ആയതിനാൽ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിന് വേണ്ടി പ്രൊജക്ട് വെക്കേണ്ടതാണ്. പ്ലാന്റിന്റെ ദൈനം ദിന പ്രവർത്തനവും പ്ലാന്റിലെ സുരക്ഷാ ക്രമീകരണങ്ങളും കൃത്യമായി വിലയിരുത്തൽ നടത്തേണ്ടതും പദ്ധതി കൊണ്ട് വിഭാവനം ചെയ്ത രീതിയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-44 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ-സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പെരിന്തൽമണ്ണ നഗരസഭയിലെ 34 വാർഡുകളിലായി തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 446013 രൂപ അടവാക്കി വരുന്നുണ്ട്. (കൺസ്യൂമർ നമ്പർ- 29100)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|
| 4/2020 | 22000081/23.4.2020 | 910688 |
| 5/2020 | 22000177/29.5.2020 | 455124 |
| 6/2020 | 22000287/24.6.2020 | 449658 |
| 7/2020 | 22000395/3.8.2020 | 446013 |
| 8/2020 | 22000485/8.9.2020 | 446307 |
| 9/2020 | 22000663/1.10.2020 | 447040 |
| 10/2020 | 22000749/16.10.2020 | 446013 |
| 11/2020 | 22000897/11.11.2020 | 446013 |
| 12/2020 | 22001062/30.12.2020 | 446013 |
| 1/2021 | 22001144/6.1.2021 | 447480 |
| 2/2021 | 22001276/15.2.2021 | 446013 |
| 3/2021 | 22001761/12.3.2021 | 446013 |
| ആകെ | | 5832375 |

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 തെരുവു വിളക്കുകൾ സംബന്ധിച്ച് നഗരസഭ കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2 തെരുവുവിളക്കുകളുടെ എണ്ണം , തരം, സ്ഥാനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 തെരുവുവിളക്കുകൾ സംബന്ധിച്ച് പൂർണമായ ഡിമാന്റ് കെഎസ് ഇബി നൽകുന്നില്ല.

ഇതു സംബന്ധിച്ച് നമ്പർ 2 /11.2.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സംയുക്ത പരിശോധന നടത്തുവാൻ കെ എസ് ഇ ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും രജിസ്റ്റർ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നഗരസഭ മറുപടി നൽകിയിട്ടുണ്ട്.

## 1-45 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ പെരിന്തൽമണ്ണ നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് മുഴുവൻ തുകയും ലഭിച്ചിട്ടില്ല. 2020-21 വരെയുള്ള സ്ഥിതി വിവരക്കണക്ക് താഴെ ചേർക്കുന്നു.

| വർഷം | CPF ൽ നിന്നും ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 31-03-2012 വരെ | 60,17,983 | - | 60,17,983 |
| 2012-13 | 2049258 | - | 20,49,258 |
| 2013-14 | 3917487 | 20,00,000 (ഡിഡി നം.572848/ 25-10-13) | 19,17,487 |
| 2014-15 | 3225401 | | 32,25,401 |
| 2015-16 | 4344458 | | 43,44,458 |
| 2016-17 | 4119561 | | 41,19,561 |
| 2017-18 | 4194976 | 60,43,054 | (-)18,48,078 |
| 2018-19 | 4613013 | 12,30,178 | 33,82,835 |
| 2019-20 | 8398571 | 0 | 8398571 |
| 2020-21 | 9594972 | 2613214 | 6981758 |
| **Total** | 50475680 | 11886446 | **38589234** |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന ₹ **3,85,89,234**/- ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്.ആയത് രൂപീകരിച്ചിട്ടില്ല. ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരികരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-46 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല

2020-21 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | ഏജൻസി | ബിൽനം./ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 41/04-20 തി:13.05.2020 | 17000000 | 0 | 17000000 | |
| 2 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 86/08-20 തി:26.08.2020 | 19200000 | 0 | 19200000 | |
| 3 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 108/11-20 തി:30.11.2020 | 3900000 | 0 | 3900000 | |
| 4 | ആയുർവ്വേദ ആശുപത്രി നിർമ്മാണം | FRBL | 63/07-20 17.07.2020 | 2100000 | 0 | 2100000 | |
| 5 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 63/08-20 തി:20.08.2020 | 4410415 | 0 | 4410415 | |
| 6 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 37/10-20 തി:08.10.2020 | 4000000 | 0 | 4000000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 31/05-20 തി:05.05.2020 | 5000000 | 0 | 5000000 | |
| 8 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 88/08-20 തി:26.08.2020 | 2000000 | 0 | 2000000 | |
| 9 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 34/09-20 തി:11.09.2020 | 1500000 | 0 | 1500000 | |
| 10 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 45/10-20 തി:09.10.2020 | 2500000 | 0 | 2500000 | |
| 11 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 10/10-20 തി:22.10.2020 | 5000000 | 0 | 5000000 | |
| 12 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 27/09-20 തി:11.09.2020 | 877800 | 0 | 877800 | |
| 13 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | Tresury Bill No. 02.12.2020 | 877800 | 0 | 877800 | |

അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് ആദ്യ ഗഡുവായി 20% തുക മാത്രമേ മുൻകൂർ നൽകാൻ സർക്കാർ അനുമതിയുള്ളൂ. ഈ തുക പാർട്ട് ബില്ലുകളിൽ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ വിവധ സ്ഥാപനങ്ങൾക്ക് ഒരേ പ്രവൃത്തികൾക്ക് പല തവണകളായി മുൻകൂർ നൽകുകയും അവ ക്രമീകരിക്കാതെയും കാണുന്നു. മേൽ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയതിൽ കുറവ്

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയതിൽ കുറവ്

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 44508രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ

തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്.എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% മാത്രം കുറവ് ചെയ്താണ് കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്..
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| GHSപുനരുദ്ധാരണം ബ്ളോക്ക് I(106/21)<br>ഫയൽ നം.PC1 214/20-21<br>അടങ്കൽ-150000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>ബിൽ നം.20150347001800398568/6.8.20 തുക 1466145<br>അളവ് പുസ്തകം 351/19-20<br>കൺവീനർ ശ്രീ.വിനോദ്,ടി .കെ.എം HSST | 1338945 (GST ഒഴിവാക്കിയ തുക) | 66947 (5%) | 33474 (2.5%) | 33473 |
| കള്ളത്ത് LP സ്കൂൾ പുനരുദ്ധാരണം(203/21<br>ഫയൽ നം.PC1 203/20-21<br>അടങ്കൽ-500000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>ബിൽ നം.20150347001800933153/12.1.21 തുക 100000<br>അളവ് പുസ്തകം 550/19-20<br>കൺവീനർ ശ്രീ.അബ്ദുൾ അസീസ് .കെ.എം ഹെഡ്മാസ്റ്റർ | 441383.75 (GST ഒഴിവാക്കിയ തുക) | 22069 (5%) | 11034 (2.5%) | 11035 |
| ആകെ | | | | 44508 |

അധികം നൽകിയ തുക 44508 രൂപ ബിൽ അനുവദിച്ച് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറിനം.11/14.2.2022, 14/16.2.2022 എന്നിവ നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.)

## 3-2 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തി -കൺവീനർക്ക് അധിക തുക നൽകി

2020-21 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ GGHS പെരിന്തൽമണ്ണ, പുനരുദ്ധാരണം എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിന് 7.5% OH ആണ് അനുവദിക്കേണ്ടത് എങ്കിലും 15% CPOH ഉൾപ്പെടെയുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

GGHS പെരിന്തൽമണ്ണ, പുനരുദ്ധാരണം

(പ്രൊജക്ട് നം.439/21)

ഫയൽ -PC1388/20

അടങ്കൽ-450000

ഫണ്ട്-മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം)

കൺവീനർ -ശ്രീമതി. ശോഭ എം.എസ്, ഹെഡ്മിസ്ട്രസ്

എം.ബുക്ക് 241/19-20

എഗ്രിമെന്റ് .150/19-20തി.20.2.20

ബിൽ നം.BRN 2015034700180097109З/20.1.21

| Item (DSR 2016) | നൽകിയത് | നൽകാവുന്ന നിരക്ക് |
|---|---|---|
| 15.23.1<br>Dismantling Tile Work<br>117.045 M2 | 117.045x 41.35=4839.81 | 117.045x38.64<br>=4522.61 |
| 11.46.2<br>Providing Vitrified Tiles<br>266.519 M2 | 266.519x1487.79=396524.3 | 266.519x1391.05<br>=370741 |
| | ആകെ മൂല്യ നിർണ്ണയം 401364.11<br>12% GST 48163.69<br>--------------<br>ആകെ 449528 (-)<br>OH 2.5% 10034<br>IT 2% 8027<br>Kcwwf 1% 4014<br>SGST 1% 4014<br>CGST 1% 4014<br>------------------------------------<br>419425 | ആകെ മൂല്യ നിർണ്ണയം 375264.61<br>12% GST 45031.63<br>--------------<br>ആകെ 420296 (-)<br>OH 5% 18763<br>IT 2% 7505<br>Kcwwf 1% 3752<br>SGST 1% 3752<br>CGST 1% 3752<br>------------------------------------<br>382772 |
| അധികം | 36653 (419425- 382772) | |

അധികം നൽകിയ തുക 36653 രൂപ ബിൽ അനുവദിച്ച് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 5 /14.2.2022 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക തിരികെ അടവാക്കാൻ കൺവീനർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2020-21 | 07.02.2022 മുതൽ 23.02.2022 വരെയുള്ള മുനിസിപ്പാലിറ്റിയുടെ ഓഡിറ്റ് കാലയളവിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൻവർഷം ഈ ഇനത്തിൽ വരവില്ല. | | | | |

**4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ലൈഫ് ഫ്ലാറ്റ് വൈദ്യുതി കണക്ഷൻ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ | 22000523/08.09.20 | 3464971 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3464971 |
| KWA | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 22001816/24.03.21 | 49000 | 0 | സാക്ഷ്യപത്രം ലഭ്യമായില്ല | 49000 |
| IRTC | വെർമ്മി കമ്പോസ്റ്റ് നിർമ്മാണം | 22000558/11.09.20 | 833910 | 0 | സാക്ഷ്യപത്രം ലഭ്യമായില്ല | 833910 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം**

| ക്രമ നം | പ്രവർത്തിയുടെ പേര് | കൺവീനർ | ബിൽനം./ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 41/04-20 തി:13.05.2020 | 17000000 | 0 | 17000000 | |
| 2 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 86/08-20 തി:26.08.2020 | 19200000 | 0 | 19200000 | |
| 3 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 108/11-20 തി:30.11.2020 | 3900000 | 0 | 3900000 | |
| 4 | ആയുർവ്വേദ ആശുപത്രി നിർമ്മാണം | FRBL | 63/07-20 17.07.2020 | 2100000 | 0 | 2100000 | |
| 5 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 63/08-20 തി:20.08.2020 | 4410415 | 0 | 4410415 | |
| 6 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 37/10-20 തി:08.10.2020 | 4000000 | 0 | 4000000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 31/05-20 തി:05.05.2020 | 5000000 | 0 | 5000000 | |
| 8 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 88/08-20 തി:26.08.2020 | 2000000 | 0 | 2000000 | |
| 9 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 34/09-20 തി:11.09.2020 | 1500000 | 0 | 1500000 | |
| 10 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 45/10-20 തി:09.10.2020 | 2500000 | 0 | 2500000 | |
| 11 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 10/10-20 തി:22.10.2020 | 5000000 | 0 | 5000000 | |
| 12 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 27/09-20 തി:11.09.2020 | 877800 | 0 | 877800 | |
| 13 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | Tresury Bill No. 02.12.2020 | 877800 | 0 | 877800 | |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ആധുനിക മാർക്കറ്റ് നിർമ്മാണം (HUDCO വായ്പ) | GO. 2249/2018/LSGD Dtd 14.08.2018 | 46084000 | 0 | 0 | 3731234 | 42352766 |
| 2 | ആധുനിക ബസ്സാന്റ് നിർമ്മാണം | GO. (Rt) 1923/18/LSGD Td 20.07.2018 | 2,50,00,000 | 7.5 കോടി | 13847976 | 10223437 | 86152024 |
| 3 | ലൈഫ് ഭവന പദ്ധതി (HUDCO വായ്പ) | ലഭ്യമല്ല | 3,00,00,000 | 132853333 | 11360000 | 0 | 151493333 |

കുറിപ്പ്: HUDCO വായ്പ നീക്കിയിരിപ്പ് AFS മായി പൊരുത്തപ്പെടുന്നില്ല. HUDCO വായ്പകളുടെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക ബാലൻസ്ഷീറ്റ് പ്രകാരം 162377333/- രൂപയാണ് (ക്രമ നം.1,3 എന്നിവ ചേർത്തുള്ള തുക). എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ HUDCO ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 193846099/- രൂപയാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4049130 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 4049130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4049130 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | തുക | രശീതി നം. |
|---|---|---|
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 500000 | 022 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 | 63/26.10.2016 |
| അർബൺ കോ - ഓപ്പറേറ്റീവ് ബാങ്ക്,പെരിന്തൽമണ്ണ | 2501000 | 21.03.2019 |
| പഞ്ചാബ് നാഷണൽ ബാങ്ക് പെരിന്തൽമണ്ണ | 48130 | 433800 |

കുറിപ്പ്: അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2018-19 | 3-2 | 28284 | നൌഷാദ് വി | 120010117445 |
| 2018-19 | 3-2 | 24433 | പീതാംബരൻ | 120010121143/09.02.2021 |
| 2018-19 | 3-2 | 17059 | ഷാഹുൽ ഹമീദ് | 120010121171/26.02.2021 |
| 2018-19 | 3-2 | 15000 | ശോഭന ടീച്ചർ | 120010121172/26.02.2021 |
| 2018-19 | 3-2 | 24556 | രാജേഷ് കെ | 120010121173/26.02.2021 |
| 2018-19 | 3-2 | 4772 | സത്യനാരായണൻ | 120010121174/26.02.2021 |
| 2018-19 | 3-2 | 14979 | കോമളം എൽ ജി | 120010121175/26.02.2021 |
| 2018-19 | 3-2 | 15283 | അലി | 120010121176/26.02.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 46, 47 | 2000-01 | മാർക്കറ്റ് സ്റ്റാളിലെ വാടക ഈടാക്കാത്തത് നഷ്ടം 54925 രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 50 | 2003-04 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 63 | 2003-04 | ടാർ വില | നിയമസഭാ സമിതിയുടെ |

| | | | | |
|---|---|---|---|---|
| | | | | പരിഗണനയിൽ |
| 1999-2000 | 74 | 2003-04 | സംഗീത ക്രോസ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3(38) | 2010-11 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2010-11 2011-12 | 2(10) | 2013-14 | ലഘു അവലോകനം (പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2(1) | 2017-18 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | മരാമത്ത് പ്രവർത്തികളിന്മേൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം പിൻവലിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ഇല്ല.

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ( രസീത് നമ്പർ/ തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തിയ്യതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | പെരിന്തൽമണ്ണ നഗരസഭ | 2001-02 | 3(4) | സന്തോഷ്.ടി സെക്രട്ടറി. | LF-5822/ SP.Cell/ SC5/08 /19.6.2009 | 25350 | 25350 | | | | 25350 | 0 | |
| 2 | ,, | 2006-07 | 3(6) | ലളിതാംബിക .കെ.എസ്. | LF 8998/ SP.Cell/Csc /A2 /12 തി.24.8.2013 | 21450 | 1140110 3559/ 14.5.2014 | - | - | 21450 | - | 0 | |
| 3 | ,, | 2007-08 | 3(5) | സുധാകരൻ സെക്രട്ടറി | LF 17183/ SP.Cell/ CSC/ A2/12/ തി.15.6.15 | 23026 | 115011 22710/ 21.1.16 | | | 23026 | | 0 | |
| 4 | ,, | 1998-99 | 47,45 | സുരേന്ദ്രൻ സെക്രട്ടറി | LF-15394/ SP.Cell/SC-5/03തി. 2.7.2004 | 43153 | | - | - | - | - | 43153 | OP 200/ 2006 |
| 5 | ,, | 1998-99 | 91 | പി.ജെ. ജോസഫ് എച്ച് .എം | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 17108 | | - | - | - | - | -17108 | വിവരം ലഭ്യമല്ല |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 6 | ,, | 1998-99 | 838487 | ടി.എം.അപ്പു | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 11500 | | | | | 11500 | WPC 2490/ 04 PEN DING |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ) | : | 870765030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 804048936 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 81161 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,91,41,054 |

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 44508 | ശ്രീ.പ്രസന്ന കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 18326.5<br>18326.5 | ശ്രീ. പ്രസന്ന കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ. ഉമ്മർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 81161 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 340000 | ശ്രീ. അബ്ദുൽ സജീം എസ്, സെക്രട്ടറി |
| 1-27 | 55,17,881 | ശ്രീ. അബ്ദുൽ സജീം എസ്, സെക്രട്ടറി |
| 1-35 | 15,32,83,173 | ശ്രീ. പ്രസന്ന കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 15,91,41,054 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രസന്നകുമാർ, എൻ, അസി.എഞ്ചിനീയർ | | മാരി നിവാസ്, കൊടുമ്പ് (പി.ഒ), പാലക്കാട്- 678551. |
| ശ്രീ. ഉമ്മർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | കാരയിൽ ഹൗസ്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട്- 673602 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ.19.02.1982 | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 02 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 12 |
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 26.02.1982 | 05 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. 21.10.1988 | 7 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. 21.10.1988 | 3 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ.21.10.1988 | 12 |
| 1979-80 | എൽ.എഫ്.എം.10/122/82 തീ.21.10.1988 | 4 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1988 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1988 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ.21.10.1988 | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/220/15(7) തീ.23.02.2015 | 22 |
| 1991-92,1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95,1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) തീ.24.02.2015 | 26 |
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 77 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 42 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 42 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 21 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 22 |
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 42 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11,2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | 28 |
| | | |

| | | |
|---|---|---|
| 2013-14,2014-15 | കെഎസ്എഎംപിഎം21/1425/2016തി.14.7.16 | 28 |
| 2015-16 | കെഎസ്എഎംപിഎം 21/178/2017 തി:02-05-2018 | 27 |
| 2016-17 | കെഎസ്എഎംപിഎം21/2459/2017തി.30-11-17 | 25 |
| 2017-18 | കെഎസ്എഎംപിഎം21/2866/2018തി.30-10-19 | 40 |
| 2018-19 | കെഎസ്എഎംപിഎം21/1441/2020തി.03-02-2021 | 24 |
| 2019-20 | കെഎസ്എഎംപിഎം21/600/22 | 33 |

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്ന അവസ്ഥ ശരിയായ നടപടിയല്ല. നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം ജില്ല**

എ.ബി.കെ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്റ്റിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്